## ജോറാകുന്ന ഫുൾജാറുകൾ നൽകുന്ന സന്ദേശം

അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അന്നസംസ്കൃതി മലയാളിയെ മാറാരോഗങ്ങളുടെ തടവറയിലേക്കാണ് ആനയിക്കുന്നത്. മലയാളിയുടെ ഭക്ഷ്യസംസ്കാരത്തിൽ ഏറ്റവും വലിയ മാറ്റം കൊണ്ടുവന്നത് റെസ്റ്റോറന്റ് സംസ്കാരമാണ്. കൗമാരക്കാരെ പ്രത്യേകമായും ഇന്ന് ഫാസ്റ്റ്ഫുഡ് ജ്വരം പിടിമുറുക്കിയിരിക്കുന്നു. അടുക്കളയിൽനിന്നും റെസ്റ്റോറന്റിലേക്കുള്ള മലയാളിയുടെ മാറ്റം ശുദ്ധ ഭക്ഷണത്തിൽനിന്നും മായം കലർന്നവയിലേക്കുള്ള മാറ്റം കൂടിയാണ്.



VOL NO: 03 | ISSUE 25

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JUNE 22 | ₹12

# കത്വ: ജുഡീഷ്യറിയുടെ ആത്മാവുയർത്തിയ വിധി

സമൂഹ മനഃസാക്ഷിയെ ഞെട്ടിച്ചതും രാജ്യത്തെയൊന്നാകെ കണ്ണീരണിയിച്ചതുമായ ഒന്നായിരുന്നു കത്വയിൽ കഴിഞ്ഞ വർഷം പിഞ്ചു ബാലികയെ കൊല ചെയ്ത ദാരുണ സംഭവം. പറക്കമുറ്റാത്ത ഒരു പെൺകുഞ്ഞിനോട് ചെയ്ത മഹാപാതകം എന്നതിനപ്പുറം വംശീയവും വർഗീയവുമായ നിരവധി മാനങ്ങളുണ്ടായിരുന്നു പ്രസ്തുത കേസിന്. ഭരണകക്ഷിയുടെ ഒത്താശയോടെ കേസ് അട്ടിമറിക്കാനും പ്രതികളെ രക്ഷപ്പെടുത്താനുമുള്ള നിരന്തര ശ്രമങ്ങളെ അതിജീവിച്ച് നിശ്ചയദാർഢ്യത്തോടെ വിധിപ്രസ്താവിച്ച ജുഡീഷ്യറിയുടെ നിലപാട് ന്യൂനപക്ഷ-മതേതര വിശ്വാസികൾക്ക് തെല്ലൊന്നുമല്ല ആശ്വാസം പകരുന്നത്. സുപ്രീം കോടതിവിധിയും അതിലേക്കെത്തിയ സാഹചര്യങ്ങളും വിശകലന വിധേയമാക്കുന്നു.

- മനുഷ്യൻ എന്ന വിസ്മയ സൃഷ്ടി
- സൽമാനുൽ ഫാരിസിയുടെ ആത്മകഥ
- സ്വഹീഹുൽ ബുഖാരിയോടുള്ള പൂർവികരുടെ നിലപാട്

# വിട പറയൂ അപശബ്ദങ്ങളോട്,
# കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

**24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...**

**താങ്കൾ കേട്ടു തുടങ്ങിയോ?**

peaceradio

Tune to reality



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക

https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക
0127 / 2019 ജൂൺ 22 / ശവ്വാൽ 19 / പുസ്തകം 3 / ലക്കം / 25



# കത്വ: ജുഡീഷ്യറിയുടെ ആത്മാവുയർത്തിയ വിധി

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

ജോറാകുന്ന ഫുൾജാറുകൾ നൽകുന്ന സന്ദേശം / 05
എഡിറ്റർ

**ബാലപഥം**

സമ്പന്നനായ ദരിദ്രൻ / 18
ഉസ്മാൻ പാലക്കാഴി

**കാഴ്ച**

കഥയല്ല ജീവിതം / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**

ചില പ്രധാന സംഭവങ്ങൾ / 06
ഫദ്‌ലുൽ ഹഖ് ഉമരി

സൽമാനുൽ ഫാരിസിയുടെ ആത്മകഥ / 15
അബ്ദുൽ ജബ്ബാർ അബ്ദുല്ല

സ്വഹീഹുൽ ബുഖാരിയോടുള്ള പൂർവികരുടെ നിലപാട് / 20
അബ്ദുൽ മാലിക് സലഫി

മനുഷ്യൻ എന്ന വിസ്മയ സൃഷ്ടി / 26
മുഹമ്മദ് അമൽ

ഇൽഫതുൽ ഇസ്‌ലാമിൽ വിരിയുന്ന ഇസ്‌ലാമിക സമാജം / 29
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

അനുസ്മരണം

# മൗലവി അബ്ദുല്ല അറക്കൽ

**ക**ണ്ണൂർ: തൗഹീദീ പ്രബോധനത്തിലും 45 വർഷത്തിലധികം അറബി അധ്യാപന വൃത്തിയിലും നിലകൊണ്ട അബ്ദുല്ല മൗലവി അറക്കൽ (77) ഇക്കഴിഞ്ഞ റമദാൻ 24ന് രാവിലെ നമ്മെ വിട്ടുപിരിഞ്ഞു. ആറ് മാസത്തിലധികമായി ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ശയ്യാവലംബിയായിരുന്നു.

കണ്ണൂർ സിറ്റിയിലും പരിസരത്തും തനതായ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിൽ നേതൃപരമായ പങ്ക് വഹിച്ച വ്യക്തിയാണ് മൗലവി. 'അത്തൗഹീദ്' എന്ന ഈടുറ്റ ഗ്രന്ഥത്തിന്റെ രചയിതാവായ പള്ളിയത്ത് അബ്ദുൽ ക്വാദിർ മൗലവിയുടെ നിര്യാണത്തോടെ(1945) പ്രദേശത്ത് താൽക്കാലികമായി നിന്നുപോയ ആദർശ പ്രവർത്തനങ്ങൾ പുനരാരംഭിച്ചത് 1970 കളിൽ കേരള നദ്‌വതുൽ മുജാഹിദീന്റെ കണ്ണൂർ ശാഖ നിലവിൽ വന്നതോടെയായിരുന്നു. സി. എച്ച് അബ്ദുർറഹ്മാൻ മൗലവി(കടവത്തൂർ)യുടെ ക്വുർആൻ ക്ലാസിന്റെ സംഘാടകരിൽ പ്രധാനിയായിരുന്നു മൗലവി.

ആദർശ രംഗത്തെ വഴികാട്ടിയും പിതൃവ്യനുമായ കെ. ഉമർ മൗലവിയുടെ പ്രേരണയാൽ, സ്കൂൾ വിദ്യാഭ്യാസത്തെ തുടർന്ന് അരീക്കോട് സുല്ലമുസ്സലാം അറബിക്കോളേജിൽ നിന്ന് പഠിച്ചിറങ്ങിയതിന് ശേഷം 1965ലാണ് തലശ്ശേരി മുബാറക് ഹൈസ്കൂളിൽ അറബിക് അധ്യാപകനായി കണ്ണൂർ ജില്ലയിൽ ആദ്യമായി മൗലവി എത്തുന്നത്. അതിന് മുമ്പ് തിരൂർക്കാട് എ. എം. ഹൈസ്കൂളിൽ കൊളത്തൂർ ടി. മുഹമ്മദ് മൗലവിയുടെ സഹഅധ്യാപകനായി കുറച്ചുകാലം സേവനം ചെയ്തിട്ടുണ്ട്. ഗവ: കണ്ണൂർ സിറ്റി ഹൈസ്കൂൾ അധ്യാപകനായാണ് കണ്ണൂർ സിറ്റിയിലെത്തുന്നത്. അതിന് മുമ്പ് കക്കാട് പുഴാതി ഗവ: ഹൈസ്കൂളിലും ജോലി ചെയ്തിട്ടുണ്ട്. 1981ൽ കണ്ണൂർ കസാനകോട്ടയിൽ പാർസി ബംഗ്ളാവിന് സമീപം വീട് വെച്ചു താമസമാക്കി.

കോഴിക്കോട്ടെ വലിയ ഖാദി സിറ്റിയിലെ ഒരു ജാറം ഉദ്ഘാടനം ചെയ്യാൻ വന്നതും അത് ചോദ്യം ചെയ്ത് മൗലവി കത്തയക്കുകയും ചെയ്ത സംഭവം പ്രസിദ്ധമാണ്. കെ. ഉമർ മൗലവി ഈ വിഷയം ഏറ്റെടുക്കുകയും ഒരുപാട് ലക്കങ്ങളിലായി 'വലിയ ഖാദി വലിയശിർക്ക് പ്രചരിപ്പിക്കുന്നു' എന്ന തലക്കെട്ടിൽ ഖാദിയുടെ പിഴച്ച വാദങ്ങൾ തുറന്നുകാട്ടിക്കൊണ്ട് 'സൽസബീലി'ൽ ലേഖനം പ്രസിദ്ധീകരിക്കുകയുമുണ്ടായി.

1992ൽ സർവീസിൽ നിന്ന് വിരമിച്ച ശേഷം ഇസ്‌ലാഹിയ്യ അറബിക്കോളേജ് പ്രിൻസിപ്പാളായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കെ.എ.ടി.എഫിന്റെയും സജീവ പ്രവർത്തകനായിരുന്നു. സ്വദേശത്തും വിദേശത്തുമായി നൂറുകണക്കിന് ശിഷ്യന്മാരുണ്ട്.

വെളിയങ്കോട് സ്വദേശികളായ കടമ്പാളത്ത് മുഹമ്മദുണ്ണിയുടെയും അറക്കൽ മർയമിന്റെയും പുത്രനായി 1942ന് വെളിയങ്കോട്ട് ജനിച്ചു. 1945ൽ കുടുംബസമേതം തിരൂർക്കാട്ടേക്ക് മാറിത്താമസിച്ച കെ. ഉമർ മൗലവിയുടെ താൽപര്യപ്രകാരം ജ്യേഷ്ഠനും അബ്ദുല്ല മൗലവിയുടെ പിതാവുമായ മുഹമ്മദുണ്ണിയും കുടുംബവും 1960 ൽ വെളിയങ്കോട്ട് നിന്ന് തിരൂർക്കാട്ടേക്ക് താമസം മാറ്റി.

പരേതനായ മുഹമ്മദ് നദ്‌വി (തിരൂർക്കാട്), ആമിന (വെളിയങ്കോട്), പരേതയായ നഫീസ (തിരൂർക്കാട്), ആയിഷ (തിരൂർക്കാട്), പരേതനായ ഇബ്‌റാഹീം അറക്കൽ (തിരൂർക്കാട്), മലപ്പുറം ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഉമർ അറക്കൽ എന്നിവർ സഹോദരങ്ങളാണ്.

ഭാര്യ: മോങ്ങം സ്വദേശിനി സുലൈഖ ചേനാട്ടു കുഴിയിൽ (റിട്ട: അറബി അധ്യാപിക). മക്കൾ: റഹ്മതുല്ല, മുനീറ (പരപ്പനങ്ങാടി), ഇസ്മതുല്ല, സിബ്ഗതുല്ല (ഷാർജ), നിഅ്മതുല്ല (ദുബൈ). അബ്ദുശ്ശുകൂർ ചാലിലകത്ത് (പരപ്പനങ്ങാടി) ജാമാതാവാണ്. റഷീദ.എ.കെ(കടലുണ്ടി), ഹഫ്സിദ സി.എച്ച് (കൂത്തുപറമ്പ്), ജാസ്മിൻ (ചാലാട്), സുഹൈല ഉബൈദ് (കസാനകോട്ട) മരുമക്കളാണ്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറതും മർഹമതും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

**-റഹ്മത്തുല്ല അറക്കൽ**

മുഖമൊഴി

# ജോറാകുന്ന ഫുൾജാറുകൾ നൽകുന്ന സന്ദേശം

മലയാളി എന്നാൽ മാറ്റത്തിന്റെ പര്യായമാണ്. സകല മേഖലകളിലും മലയാളി മാറ്റത്തിന്റെ പാതയിലാണ്. ഈ മാറ്റത്തിനിടയിൽ തനിമയാർന്ന കേരള സംസ്കൃതിയെ അപകർഷതാബോധത്തോടെ മലയാളി വീക്ഷിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുറമെനിന്ന് വരുന്നതെന്തും, പുതുതായി പുറപ്പെടുന്നതെന്തും മലയാളിക്ക് സ്വീകാര്യമാണ്. അന്ന-പാനീയ രംഗത്തും ഈ മാറ്റം കാണാവുന്നതാണ്.

കരിക്കിൻ വെള്ളവും നാടൻ സർബത്തും മോരിൻവെള്ളവും ഇന്ന് പഴഞ്ചനാണ്. പകരം കോളകളും മറ്റു 'കളർവെള്ള'ങ്ങളും നുണഞ്ഞ് 'സ്റ്റാൻഡേർഡ് കീപ്പ്' ചെയ്യുന്നു. കുലുക്കി സർബത്തും കടന്ന് ഇപ്പോൾ 'ഫുൾ ജാർ സോഡ'യിൽ നാം എത്തി നിൽക്കുന്നു. ഫുൾ ജാർ സോഡ ഇന്ന് കേരളമാകെ നുരഞ്ഞു പൊന്തുകയാണ്. ഗൾഫ് നാടുകളിലുള്ള മലയാളികളും ചെറിയ ഗ്ലാസ് വലിയ ഗ്ലാസിലിട്ട് നുരയും പതയും പൊങ്ങുന്നത് കണ്ട് ആഹ്ലാദിക്കുകയാണ്. ഇതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് സാമൂഹ്യമാധ്യമങ്ങളിൽ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നുമുണ്ട്.

പുതിയതിനെയൊക്കെ അവഗണിക്കണമെന്നും പഴയതിനെ മാത്രം പുണരണമെന്നുമല്ല ഇപ്പറഞ്ഞതിനർഥം. വിദ്യാഭ്യാസ, ശാസ്ത്ര, സാങ്കേതിക രംഗങ്ങളിലെല്ലാം മലയാളികൾ മുന്നിൽ നിൽക്കുന്നുവെങ്കിൽ അതിന്റെ കാരണം അഭികാമ്യമായ മാറ്റത്തിന്റെ ചിന്താഗതി തന്നെയാണ്. എന്നാൽ ഭക്ഷണ കാര്യത്തിൽ ഒരു ചെയിഞ്ച് ആഗ്രഹിച്ച് പുതിയതിന്റെ പിന്നാലെ പോകുമ്പോൾ വരും വരായ്കകളെ കുറിച്ച് ചിന്തിക്കേണ്ടതില്ലേ?

കപ്പയും കർമൂസയും ചേനത്തണ്ടും ചേമ്പുമൊക്കെ ചേർത്തുകൊണ്ടുള്ള ആരോഗ്യ പ്രദമായ നാടൻ കൂട്ടാൻ പഴമക്കാരുടെ പഴക്കം പറച്ചിലുകളിൽ മാത്രം കടന്നുവരുന്ന ഒന്നായി മാറിയിരിക്കുന്നു. ഷവർമ, ബ്രോസ്റ്റ്, അൽഫഹം, ഗ്രിൽഡ് ഫിഷ്, കുഴിമന്തി അങ്ങനെയങ്ങനെ കടൽ കടന്നെത്തുന്ന രുചിഭേദങ്ങൾക്ക് പിന്നാലെ പരക്കം പായുമ്പോൾ നാടൻ ചോറും മോര് കാച്ചിയതും ബീഫ് വരട്ടും തേങ്ങാച്ചോറുമൊക്കെ തരംതാണതും വിരുന്നുകാർക്ക് വിളമ്പാൻ പാടില്ലാത്ത വിധം സ്റ്റാൻഡേർഡ് കുറഞ്ഞതുമായി വിലയിരുത്തപ്പെടുന്നു. സാമ്പാറും ചോറും രോഗികളുടെ ഭക്ഷണമായി മാറിക്കൊണ്ടിരിക്കുന്നു.


അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അന്നസംസ്കൃതി മലയാളിയെ ഇന്ന് മാറാരോഗങ്ങളുടെ തടവറയിലേക്കാണ് ആനയിക്കുന്നത്. മലയാളിയുടെ ഭക്ഷ്യസംസ്കാരത്തിൽ ഏറ്റവും വലിയ മാറ്റം കൊണ്ടുവന്നത് റെസ്റ്റോറന്റ് സംസ്കാരമാണ്. കൗമാരക്കാരെ പ്രത്യേകമായും ഇന്ന് ഫാസ്റ്റ്ഫുഡ് ജ്വരം പിടിമുറുക്കിയിരിക്കുന്നു. അടുക്കളയിൽനിന്നും റെസ്റ്റോറന്റിലേക്കുള്ള മലയാളിയുടെ മാറ്റം ശുദ്ധ ഭക്ഷണത്തിൽനിന്നും മായം കലർന്നവയിലേക്കുള്ള മാറ്റം കൂടിയാണ്. പൊണ്ണത്തടിയും കാൻസർ അടക്കമുള്ള രോഗങ്ങളും ഫാസ്റ്റ് ഫുഡ് സംസ്കാരം സമ്മാനിച്ചുകൊണ്ടിരിക്കുന്നു എന്ന് അറിയാമെങ്കിലും വരുന്നേടത്തുവെച്ച് കാണാം എന്ന നിലപാടിലാണ് നമ്മൾ!

ഫാസ്റ്റ് ഫുഡിലെ പ്രധാന ആകർഷക ഘടകം അതിന്റെ നിറവും മണവും രുചിയുമാണ്. തിളച്ചുമറിയുന്ന എണ്ണയിൽ മുങ്ങിമൊരിഞ്ഞ് ചുവന്ന് മുമ്പിലെത്തുന്ന ചിക്കൻ ഫ്രൈ കണ്ടാൽ തന്നെ വായിൽ വെള്ളമൂറും. എന്നാൽ ഇതിൽ ഉപയോഗിച്ച എണ്ണയെക്കുറിച്ചോ നിറത്തെക്കുറിച്ചോ അജിനമോട്ടോയെക്കുറിച്ചോ ആരും ചിന്തിക്കാറില്ല. ചട്ടിയിൽ തിളച്ചുമറിയുന്ന കൊഴുത്ത എണ്ണക്ക് കറുത്ത നിറവും ചിക്കൻ ഫ്രൈക്ക് ചുവപ്പു നിറവും! സോപ്പിട്ട് കഴുകിയാൽ പോലും പോകാത്ത ചുവപ്പുനിറം കൈകളിൽ ബാക്കിയാകുന്നു. അപ്പോൾ വയറ്റിലെ അവസ്ഥ എന്തായിരിക്കും?

അടുക്കളയെ നാം തിരിച്ചുപിടിച്ചില്ലെങ്കിൽ വിവിധ രോഗങ്ങൾ നമ്മെ വരിഞ്ഞുമുറുക്കുമെന്ന് തിരിച്ചറിയുക. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com





# ചില പ്രധാന സംഭവങ്ങൾ

**ആഇശؓയുമായുള്ള വിവാഹം**

ഹിജ്‌റ ഒന്നാം വർഷം ശവ്വാൽ മാസത്തിൽ നബിﷺയും ആഇശؓയും തമ്മിൽ ഒന്നിച്ചു. അന്ന് ആഇശؓക്ക് 9 വയസ്സായിരുന്നു. ആഇശؓ പറയുന്നു: "എനിക്ക് ആറു വയസ്സായിരിക്കെയാണ് നബിﷺ എന്നെ കല്യാണം കഴിച്ചത്. അങ്ങനെ ഞങ്ങൾ മദീനയിൽ വന്നു. ബനുൽഹാരിസ് ഇബ്നു ഖസ്‌റജിന്റെ വീട്ടിലാണ് ഞാൻ താമസിച്ചിരുന്നത്. എനിക്ക് ശക്തമായ രോഗം ബാധിക്കുകയും എന്റെ മുടിയെല്ലാം കൊഴിഞ്ഞു തുടങ്ങുകയും ചെയ്തു. ശേഷം നീണ്ട മുടി എനിക്ക് നല്ലപോലെ വന്നു. അതിനു ശേഷം എന്റെ ഉമ്മ ഉമ്മു റൂമാൻ എന്റെ അടുക്കലേക്ക് വന്നു. ഞാൻ എന്റെ ഊഞ്ഞാലിലായിരുന്നു. എന്റെ കൂടെ എന്റെ കൂട്ടുകാരികളും ഉണ്ടായിരുന്നു. എന്റെ ഉമ്മ എന്നെ ഉച്ചത്തിൽ വിളിച്ചപ്പോൾ ഞാൻ ഉമ്മയുടെ അടുക്കലേക്കു ചെന്നു. എന്തിനാണ് എന്നെ വിളിച്ചത് എന്ന് എനിക്ക് അറിയുമായിരുന്നില്ല. ഉമ്മ എന്റെ കൈ പി

ടിച്ചു കൊണ്ടുപോയി വീടിന്റെ വാതിൽക്കൽ നിർത്തി. ഞാൻ കിതക്കുന്നുണ്ടായിരുന്നു. അങ്ങനെ എന്റെ കിതപ്പ് മാറിയപ്പോൾ ഉമ്മ അൽപം വെള്ളം കൊണ്ടുവന്ന് എന്റെ മുഖത്തും തലയിലും എല്ലാം തടവി. ശേഷം എന്നെ വീടിനകത്തേക്ക് കൊണ്ടുപോയി. അപ്പോൾ അവിടെ അൻസ്വാരികളിൽ പെട്ട ഒരു പാട് സ്ത്രീകൾ ഉണ്ടായിരുന്നു. അവർ പറഞ്ഞു: 'എല്ലാ നന്മയും അനുഗ്രഹവും ഉണ്ടാവട്ടെ.' എന്റെ ഉമ്മ എന്നെ അവരെ ഏൽപിച്ചു. അവർ എന്നെ അണിയിച്ചൊരുക്കി. പിന്നെ ഞാൻ ദുഹാ സമയത്ത് നബിയെയാണ് കാണുന്നത്. ഉമ്മ എന്നെ നബിയിലേക്ക് ഏൽപിച്ചു. അന്നെനിക്ക് ഒമ്പത് വയസ്സ് പ്രായമായിരുന്നു" (ബുഖാരി: 3894, മുസ്‌ലിം: 1422).

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: "ആഇശ ﵂ പറയുന്നു: നബി ﷺ എന്നെ കല്യാണം കഴിച്ചത് ഏഴാമത്തെ വയസ്സിലാണ്. ഞങ്ങൾ രണ്ടു പേരും വിവാഹം കൂടിയത് ഒമ്പതാമത്തെ വയസ്സിലാണ്. അന്ന് എന്റെ കൂടെ കളിപ്പാട്ടവും ഉണ്ടായിരുന്നു. നബി ﷺ മരിക്കുമ്പോൾ എനിക്ക് 18 വയസ്സായിരുന്നു" (മുസ്‌ലിം: 1422).

ആഇശ ﵂ പറയുന്നു: "നബി ﷺ എന്നോട് പറഞ്ഞു: 'ഞാൻ നിന്നെ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. മലക്ക് ഒരു പട്ടിന്റെ വസ്ത്രത്തിൽ നിന്നെയും കൊണ്ട് എന്റെ അടുക്കൽ വന്നു. എന്നിട്ട് എന്നോട് പറഞ്ഞു; ഇത് നിന്റെ ഭാര്യയാകുന്നു. ഞാൻ മുഖത്തുനിന്നും വസ്ത്രം ഉയർത്തി നോക്കി. അപ്പോൾ അത് നീയായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു: ഇത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ളതാണെങ്കിൽ അല്ലാഹു അത് നടപ്പിലാക്കട്ടെ" (ബുഖാരി: 5125, മുസ്‌ലിം: 2438).

ഇബ്നു അബീ മുലൈക ﵀ പറയുന്നു: "ആഇശ ﵂ മരിക്കുന്നതിനു മുമ്പ് രോഗം ബാധിച്ച് കിടന്നപ്പോൾ ഇബ്നു അബ്ബാസ് ﵁ സന്ദർശനത്തിന് അനുവാദം തേടി. ആഇശ ﵂ പറഞ്ഞു: 'ഇബ്നു അബ്ബാസ് എന്നെ പുകഴ്ത്തുമോ എന്ന കാര്യത്തിൽ ഞാൻ ഭയപ്പെടുന്നു.' ഇബ്നു അബ്ബാസ് ﵁ വിന് അനുവാദം കൊടുക്കാൻ ആഇശ ﵂ പറഞ്ഞു. അദ്ദേഹം ചോദിച്ചു: 'എങ്ങനെയുണ്ട് ആഇശാ?' ആഇശ ﵂ മറുപടി പറഞ്ഞു: 'ഞാൻ അല്ലാഹുവിനെ സൂക്ഷിക്കുന്ന പക്ഷം നന്മയിൽ തന്നെയാകുന്നു.' ഇബ്നു അബ്ബാസ് ﵁ പറഞ്ഞു: 'ഇൻശാ അല്ലാഹ്, നിങ്ങൾ നന്മയിലാണ്. നിങ്ങൾ നബിയുടെ ഭാര്യയാണ്. നിങ്ങളെയല്ലാതെ മറ്റൊരു കന്യകയെ നബി ﷺ വിവാഹം കഴിച്ചിട്ടില്ല. ആകാശത്തു നിന്നും നിങ്ങളുടെ നിരപരാധിത്വം ഇറങ്ങിയിട്ടുണ്ട്.' ഇബ്നു അബ്ബാസിന്റെ തൊട്ടു പിറകെ ഇബ്നു സുബൈർ ﵁ കടന്നുവന്നു. ആഇശ ﵂ പറയുന്നു: 'ഇബ്നു അബ്ബാസ് ﵁ എന്റെ അടുക്കലേക്ക് വന്ന് എന്നെ പുകഴ്ത്തിപ്പറയുന്നു. ഞാൻ വിസ്മരിക്കപ്പെട്ട ഒരാളായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു (പുകഴ്ത്തിപ്പറയലിനെ അവർ ഇഷ്ടപ്പെട്ടിരുന്നില്ല എന്നർഥം)" (ബുഖാരി: 4753).

**നമസ്കാരത്തിന് വേണ്ടിയുള്ള വിളി ഇസ്‌ലാമിന്റെ ഒരു ചിഹ്നം പ്രകടിപ്പിക്കൽ കൂടിയായിരുന്നു; തൗഹീദിന്റെ സാക്ഷ്യവചനങ്ങൾ പരസ്യപ്പെടുത്തലായിരുന്നു. മുഹമ്മദ് നബി ﷺ യുടെ പ്രവാചകത്വം സ്ഥിരപ്പെടുത്തലായിരുന്നു. നബിയുടെ രിസാലത്തിനു സാക്ഷ്യം വഹിച്ചുകഴിഞ്ഞാൽ നബി ﷺ യെ അനുസരിക്കാനുള്ള ക്ഷണമായിരുന്നു. കാരണം നബിയെ എങ്ങനെ അനുസരിക്കണമെന്ന് നബിയിലൂടെ അല്ലാതെ അറിയുകയില്ല. ശേഷം വിജയത്തിലേക്കുള്ള ക്ഷണമാണ്. യഥാർഥമായ പരലോക വിജയത്തിലേക്കുള്ള ക്ഷണം. അതോടൊപ്പം നമസ്കാരത്തിന് സമയമായിട്ടുണ്ട് എന്നുള്ള അറിയിക്കൽ കൂടിയായിരുന്നു ബാങ്ക്. ജമാഅത്തായി നമസ്കാരം നിർവഹിക്കുവാനുള്ള ക്ഷണവും ആയിരുന്നു അത്.**

ഉമ്മു അബ്ദുല്ല എന്ന പേരിലാണ് ആഇശ ﵂ വിളിക്കപ്പെട്ടിരുന്നത്. ആഇശ ﵂ യുടെ സഹോദരി അസ്മയുടെ പുത്രനാണ് അബ്ദുല്ലാഹിബ്നു സുബൈർ ﵁. നബി ﷺ യാണ് അദ്ദേഹത്തിന് ഈ പേരിട്ടത്. ഉമ്മു അബ്ദുല്ല എന്ന് ആഇശ ﵂ ക്ക് പേരുവിളിച്ചത് അബ്ദുല്ലാഹിബ്നു സുബൈർ ﵁ ആയിരുന്നു. ആഇശ ﵂ പ്രസവിച്ചിട്ടില്ല.

വളരെ സന്തോഷകരമായ ജീവിതമായിരുന്നു ആഇശ ﵂ ക്ക് നബി ﷺ യോടൊപ്പം ഉണ്ടായിരുന്നത്. ആഇശ ﵂ പറയുന്നു: "ഒരിക്കൽ ഞാൻ നബിയോടൊപ്പം ഒരു യാത്ര പുറപ്പെട്ടു. അന്ന് ഞാൻ ശരീരവണ്ണം ഇല്ലാത്ത ഒരു കുട്ടിയായിരുന്നു. നബി ﷺ സ്വഹാബികളോട് മുമ്പിൽ നടക്കാൻ പറഞ്ഞു. അവരെല്ലാവരും മുമ്പിൽ നടന്നപ്പോൾ നബി ﷺ എന്നോട് പറഞ്ഞു: 'ആഇശാ, നമുക്കൊരു ഓട്ടമത്സരം നടത്താം.' അങ്ങനെ ഞാനും നബിയും മത്സരിച്ചു. ഞാൻ വിജയിക്കുകയും ചെയ്തു. കുറേ കാലം കഴിഞ്ഞ് എന്റെ തടിയെല്ലാം കൂടി. മുമ്പുണ്ടായതൊക്കെ ഞാൻ മറന്നിരുന്നു. അങ്ങനെ ഒരു ദിവസം ഒരു യാത്രയിൽ നബിയുടെ കൂടെ ഇറങ്ങിയപ്പോൾ നബി ﷺ ജനങ്ങളോട് മുമ്പിൽ നടക്കാൻ പറഞ്ഞു. അവർ മുമ്പിൽ നടന്നപ്പോൾ നബി എന്നോട് പറഞ്ഞു: 'വരൂ നമുക്ക് മത്സരിക്കാം.' അ

ങ്ങനെ ഞാൻ നബിയോടൊപ്പം മത്സരിച്ചു. നബിﷺ എന്നെ പരാജയപ്പെടുത്തി. എന്നിട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഇത് അന്നത്തെതിനു പകരമാണ്' (അഹ്മദ്: 26277).

ഇസ്‌ലാമിന്റെ കടന്നുവരവിനു ശേഷമാണ് ആഇശ ജനിച്ചത്. നബിﷺയുടെ ഭാര്യമാരിൽ ഏക കന്യകയും ആഇശയാണ്. വെളുത്ത സുന്ദരിയായിരുന്നു അവർ. നബിﷺക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാര്യയും ആഇശയായിരുന്നു; ഖദീജ ഒഴികെ. അനുഗൃഹീതവും നന്മ നിറഞ്ഞതുമായ ഒട്ടനവധി അറിവുകൾ നബിﷺയിൽ നിന്നും നമുക്ക് പകർത്തിത്തന്നിട്ടുണ്ട്. രണ്ടായിരത്തിലധികം ഹദീസുകൾ അവരുടേതായി നമുക്ക് കാണുവാൻ സാധിക്കും. മറ്റു സ്ത്രീകൾക്കൊന്നുമില്ലാത്ത അറിവും മഹത്ത്വവും അവരിൽ സമ്മേളിച്ചിരുന്നു. അംറുബ്നുൽ ആസ് പറയുന്നു: "ഞാൻ നബിയോട് ചോദിച്ചു; 'അല്ലാഹുവിന്റെ പ്രവാചകരേ, ജനങ്ങളിൽ ആരെയാണ് താങ്കൾക്ക് ഏറ്റവും ഇഷ്ടം?' നബിﷺ പറഞ്ഞു: 'ആഇശയെ.' ഞാൻ ചോദിച്ചു പുരുഷന്മാരിൽ ആരെയാണ് താങ്കൾക്ക് ഏറ്റവും ഇഷ്ടം? നബിﷺ പറഞ്ഞു: 'ആഇശയുടെ പിതാവിനെ.' ഞാൻ ചോദിച്ചു: 'പിന്നെ ആരെയാണ് ഇഷ്ടം?' നബിﷺ പറഞ്ഞു: 'ഉമറിനെ.' ശേഷം പലരെയും എണ്ണിപ്പറഞ്ഞു" (ബുഖാരി: 3662, മുസ്‌ലിം: 2384).

9 വർഷമാണ് നബിﷺ ആഇശയോടൊപ്പം ജീവിച്ചത്. നബിﷺ മരിക്കുമ്പോൾ അവർക്ക് 18 വയസ്സ് പ്രായമായിരുന്നു. നബിയുടെ മരണശേഷം ഏതാണ്ട് അൻപതോളം വർഷം അവർ ജീവിച്ചു. ഹിജ്റ വർഷം 58ന് ചൊവ്വാഴ്ച രാത്രിയിൽ റമദാൻ 17ന് മദീനയിലാണ് ആഇശ മരണപ്പെടുന്നത്. ബഖീഇൽ അവരെ മറവു ചെയ്യുകയും ചെയ്തു.

**ബാങ്ക് നിയമമാക്കപ്പെടുന്നു**

നബിﷺ മദീനയിൽ എത്തി; ശാന്തമായ തന്റെ വീട്ടിലേക്ക്. നബിക്ക് ചുറ്റും മുഹാജിറുകളും അൻസ്വാറുകളുമാകുന്ന മുസ്‌ലിംകൾ. നമസ്കാരത്തിനുള്ള ബാങ്ക് വിളി, സകാത്ത്, നോമ്പ് തുടങ്ങി ഇസ്‌ലാമിന്റെ ഓരോരോ നിയമവും അവതരിക്കാൻ തുടങ്ങി. ഹിജ്റ ഒന്നാം വർഷമാണ് ബാങ്ക് വിളി മതനിയമമാക്കപ്പെടുന്നത്. ആദ്യകാലത്ത് നമസ്കാരത്തിനു വേണ്ടി പ്രത്യേക വിളി ഇല്ലായിരുന്നു. പിന്നീട് 'അസ്സ്വലാതു ജാമിഅഃ' എന്ന് വിളിക്കപ്പെടാൻ തുടങ്ങി. മദീനയിലെത്തിയതോടു കൂടി ബാങ്കിന്റെ നിയമവും അവതരിച്ചു. അബ്ദുല്ലാഹിബ്നു ഉമർ പറയുന്നു: "മുസ്‌ലിംകൾ മദീനയിലെത്തിയപ്പോൾ നമസ്കാരത്തിനു വേണ്ടി അവർ സ്വയം ഒരുങ്ങി വരികയായിരുന്നു. നമസ്കാരത്തിനുവേണ്ടി വിളിക്കുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. ഒരു ദിവസം അവർ പരസ്പരം കൂടിയിരുന്ന് ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്തു. ചിലർ പറഞ്ഞു: 'നസ്വാറാക്കൾ ഉപയോഗിക്കുന്നത് പോലെയുള്ള നാഖൂസ് (കുഴലൂത്തിനുള്ള ഉപകരണം)നമുക്ക് ഉപയോഗിക്കാം.' മറ്റു ചിലർ പറഞ്ഞു: 'യഹൂദികൾ ഉപയോഗിക്കുന്നത് പോലെയുള്ള ശംഖ് ഉപയോഗിക്കാം.' അപ്പോൾ ഉമർ പറഞ്ഞു: 'നമസ്കാരത്തിനു വേണ്ടി വിളിക്കുന്ന ഒരാളെ നമുക്ക് നിശ്ചയിച്ചു കൂടേ?' നബിﷺ പറഞ്ഞു: 'ബിലാൽ നീ നമസ്കാരത്തിനു വേണ്ടി വിളിക്ക്" (ബുഖാരി 604, മുസ്‌ലിം 377).

അബ്ദുല്ലാഹിബ്നു സൈദ് പറയുന്നു: "നമസ്കാരത്തിനു വേണ്ടി ജനങ്ങളെ ഒരുമിച്ച് കൂട്ടാൻ നാഖൂസ് ഉപയോഗിക്കാൻ നബിﷺ കൽപിച്ച സന്ദർഭത്തിൽ ഞാൻ ഉറങ്ങിക്കൊണ്ടിരിക്കെ ഒരാൾ എന്റെ അടുക്കൽ വന്നു. ആ വ്യക്തിയുടെ കയ്യിൽ ഒരു നാഖൂസ് ഉണ്ടായിരുന്നു. ഞാൻ ചോദിച്ചു: 'അല്ലയോ അല്ലാഹുവിന്റെ അടിമേ, അങ്ങയുടെ കയ്യിലുള്ള നാഖൂസ് എനിക്ക് വിൽക്കുമോ?' അദ്ദേഹം ചോദിച്ചു: 'ഇത് നിങ്ങൾക്ക് എന്തിനാണ്?' ഞാൻ പറഞ്ഞു: 'ഞങ്ങൾക്ക് അതുകൊണ്ട് നമസ്കാരത്തിലേക്ക് ജനങ്ങളെ വിളിക്കാൻ വേണ്ടിയാണ്.' അപ്പോൾ ആ വ്യക്തി എന്നോട് പറഞ്ഞു: 'ഞാൻ അതിനെക്കാൾ നല്ല ഒരു കാര്യം താങ്കളെ അറിയിച്ചു തരട്ടെയോ?' ഞാൻ: 'പറഞ്ഞു തീർച്ചയായും.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇപ്രകാരം പറയുക; അല്ലാഹു അക്ബർ, അല്ലാഹു അക്ബർ..." അങ്ങനെ ബാങ്കിന്റെ പദങ്ങൾ അവസാനിക്കുന്നത് വരെയുള്ള എല്ലാ വ

**ഇസ്‌ലാമിന്റെ കടന്നുവരവിനു ശേഷമാണ് ആഇശ ജനിച്ചത്. നബിﷺയുടെ ഭാര്യമാരിൽ ഏക കന്യകയും ആഇശയാണ്. വെളുത്ത സുന്ദരിയായിരുന്നു അവർ. നബിﷺക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാര്യയും ആഇശയായിരുന്നു; ഖദീജ ഒഴികെ. അനുഗൃഹീതവും നന്മ നിറഞ്ഞതുമായ ഒട്ടനവധി അറിവുകൾ നബിﷺയിൽ നിന്നും നമുക്ക് പകർത്തിത്തന്നിട്ടുണ്ട്. രണ്ടായിരത്തിലധികം ഹദീസുകൾ അവരുടേതായി നമുക്ക് കാണുവാൻ സാധിക്കും. മറ്റു സ്ത്രീകൾക്കൊന്നുമില്ലാത്ത അറിവും മഹത്ത്വവും അവരിൽ സമ്മേളിച്ചിരുന്നു.**

ചനങ്ങളും എനിക്ക് പറഞ്ഞുതന്നു. ശേഷം ആ വ്യക്തി എന്നിൽനിന്നും വിദൂരമല്ലാത്ത ഒരു സ്ഥലത്തേക്ക് പിന്മാറി. എന്നിട്ട് പറഞ്ഞു: 'നിങ്ങൾ നമസ്കാരത്തിന് ഇക്വാമത്ത് വിളിക്കുമ്പോൾ ഇപ്രകാരം പറയുക: (എന്നിട്ട് ഇക്വാമത്തിന്റെ പൂർണരൂപം പറഞ്ഞുതന്നു). നേരം പുലർന്നപ്പോൾ ഞാൻ നബിﷺയുടെ അടുക്കൽ ചെന്ന് ഉണ്ടായ കാര്യങ്ങളെല്ലാം പറഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: 'അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം താങ്കൾ കണ്ടത് സത്യമായ സ്വപ്നമാണ്. അതുകൊണ്ട് താങ്കൾ എഴുന്നേറ്റ് ചെന്ന് താങ്കൾ കണ്ട കാര്യം ബിലാലിന് പറഞ്ഞു കൊടുക്കുക. ബിലാൽ അതുകൊണ്ട് ബാങ്ക് വിളിക്കട്ടെ. കാരണം ബിലാൽ നിങ്ങളെക്കാൾ നല്ല ശബ്ദത്തിന്റെ ഉടമയാണ്.' അങ്ങനെ ബാങ്കിന്റെ പൂർണമായ രൂപം ഞാൻ ബിലാലിന് പറഞ്ഞു കൊടുത്തു. ബിലാൽ അത് ഉപയോഗിച്ച് ബാങ്ക് വിളിക്കുകയും ചെയ്തു. ഉമറുബ്നുൽ ഖത്ത്വാബ് ഇതു കേട്ട മാത്രയിൽ തന്റെ വീട്ടിൽ നിന്നും വസ്ത്രം വലിച്ചിഴച്ച് ധൃതിയിൽ വന്നുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, സത്യപ്രകാരം താങ്കളെ നിയോഗിച്ച അല്ലാഹു തന്നെയാണ് സത്യം, അബ്ദുല്ല കണ്ടതുപോലെയുള്ള സ്വപ്നം ഞാനും കണ്ടിട്ടുണ്ട്.' അപ്പോൾ നബിﷺ പറഞ്ഞു: 'അല്ലാഹുവിന്നാകുന്നു സർവ സ്തുതിയും" (അഹ്മദ്: 16477, അബൂദാവൂദ്: 499).

നമസ്കാരത്തിന് വേണ്ടിയുള്ള വിളി ഇസ്‌ലാമിന്റെ ഒരു ചിഹ്നം പ്രകടിപ്പിക്കൽ കൂടിയായിരുന്നു; തൗഹീദിന്റെ സാക്ഷ്യവചനങ്ങൾ പരസ്യപ്പെടുത്തലായിരുന്നു. മുഹമ്മദ് നബിﷺയുടെ പ്രവാചകത്വം സ്ഥിരപ്പെടുത്തലായിരുന്നു. നബിയുടെ രിസാലത്തിനു സാക്ഷ്യം വഹിച്ചുകഴിഞ്ഞാൽ നബിﷺയെ അനുസരിക്കാനുള്ള ക്ഷണമായിരുന്നു. കാരണം നബിയെ എങ്ങനെ അനുസരിക്കണമെന്ന് നബിയിലൂടെ അല്ലാതെ അറിയുകയില്ല. ശേഷം വിജയത്തിലേക്കുള്ള ക്ഷണമാണ്. യഥാർഥമായ പരലോക വിജയത്തിലേക്കുള്ള ക്ഷണം. അതോടൊപ്പം നമസ്കാരത്തിന് സമയമായിട്ടുണ്ട് എന്നുള്ള അറിയിക്കൽ കൂടിയായിരുന്നു ബാങ്ക്. ജമാഅത്തായി നമസ്കാരം നിർവഹിക്കുവാനുള്ള ക്ഷണവും ആയിരുന്നു അത്.

മുസ്‌ലിംകൾ ചെയ്യുന്ന ആരാധനകളിലെ മുഖ്യമായ ഒന്നാണ് ബാങ്ക്. ഏറെ പ്രതിഫലാർഹമായ ഒരു കാര്യം. അബ്ദുല്ലാഹിൽ മാസിനി പറയുന്നു: അബൂസഈദുൽ ഖുദ്‌രിയോട് നബിﷺ പറയുകയുണ്ടായി: 'നിങ്ങൾ ആടുകളെയും താഴ്‌വരകളെയും ഇഷ്ടപ്പെടുന്നതായി ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾ നിങ്ങളുടെ ആടുകളുടെ കൂടെയോ അതല്ലെങ്കിൽ താഴ്‌വരയിലോ ആകുമ്പോൾ നമസ്കാരത്തിനു വേണ്ടി ബാങ്ക് വിളിക്കുമ്പോൾ ഉറക്കെ ബാങ്ക് വിളിക്കണം. കാരണം, ബാങ്ക് വിളിക്കുന്ന വ്യക്തിയുടെ ശബ്ദം ജിന്നും ഇൻസും മറ്റു വസ്തുക്കളും കേൾക്കുമ്പോൾ അന്ത്യദിനത്തിൽ അവർ ഈ വ്യക്തിക്ക് വേണ്ടി സാക്ഷി പറയാതിരിക്കുകയില്ല" (ബുഖാരി: 609).

**നബിﷺ മദീനയിൽ എത്തി; ശാന്തമായ തന്റെ വീട്ടിലേക്ക്. നബിക്ക് ചുറ്റും മുഹാജിറുകളും അൻസ്വാറുകളുമാകുന്ന മുസ്‌ലിംകൾ. നമസ്കാരത്തിനുള്ള ബാങ്ക് വിളി, സകാത്ത്, നോമ്പ് തുടങ്ങി ഇസ്‌ലാമിന്റെ ഓരോരോ നിയമവും അവതരിക്കാൻ തുടങ്ങി. ഹിജ്റ ഒന്നാം വർഷമാണ് ബാങ്ക് വിളി മതനിയമമാക്കപ്പെടുന്നത്. ആദ്യകാലത്ത് നമസ്കാരത്തിനു വേണ്ടി പ്രത്യേക വിളി ഇല്ലായിരുന്നു. പിന്നീട് 'അസ്സ്വലാതു ജാമിഅഃ' എന്ന് വിളിക്കപ്പെടാൻ തുടങ്ങി. മദീനയിലെത്തിയതോടുകൂടി ബാങ്കിന്റെ നിയമവും അവതരിച്ചു.**



അബൂഹുറയ്‌റ رضي الله عنه പറയുന്നു: "നബിﷺ പറഞ്ഞിരിക്കുന്നു: 'ബാങ്ക് വിളിക്കുന്നതിലും ഒന്നാമത്തെ വരിയിൽ നിൽക്കുന്നതിനുള്ള പ്രതിഫലം എന്താണെന്ന് ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ അവർക്കിടയിൽ നറുക്കിടേണ്ടി വരുമായിരുന്നു. നമസ്കാരത്തിനുവേണ്ടി ആദ്യമെത്തുന്ന ആളുകൾക്കുള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നെങ്കിൽ അതിലേക്ക് അവർ മത്സരിക്കുമായിരുന്നു. ഇശാഅ് നമസ്കാരത്തിനും സ്വുബ്ഹി നമസ്കാരത്തിനുമുള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നെങ്കിൽ കാൽമുട്ടിൽ ഇഴഞ്ഞുകൊണ്ടെങ്കിലും അവർ പള്ളിയിലെത്തുമായിരുന്നു" (ബുഖാരി: 615, മുസ്‌ലിം: 437).

നബിﷺക്ക് നാല് മുഅദ്ദിനുകളാണ് ഉണ്ടായിരുന്നത്. ബിലാൽ ഇബ്നു റബാഹ് رضي الله عنه, അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം رضي الله عنه (മസ്ജിദുന്നബവി), സഅ്ദ് അൽ ഖറള്(മസ്ജിദു ഖുബാ), അബൂമഹ്ഹദൂറ(മക്ക) തുടങ്ങിയവരായിരുന്നു അവർ.





സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി

# കത്വ: ജുഡീഷ്യറിയുടെ ആത്മാവുയർത്തിയ വിധി

**സമൂഹ മനഃസാക്ഷിയെ ഞെട്ടിച്ചതും രാജ്യത്തെയൊന്നാകെ കണ്ണീരണിയിച്ചതുമായ ഒന്നായിരുന്നു കത്വയിൽ കഴിഞ്ഞ വർഷം പിഞ്ചു ബാലികയെ കൊല ചെയ്ത ദാരുണ സംഭവം. പറക്കമുറ്റാത്ത ഒരു പെൺകുഞ്ഞിനോട് ചെയ്ത മഹാപാതകം എന്നതിനപ്പുറം വംശീയവും വർഗീയവുമായ നിരവധി മാനങ്ങളുണ്ടായിരുന്നു പ്രസ്തുത കേസിന്. ഭരണകക്ഷിയുടെ ഒത്താശയോടെ കേസ് അട്ടിമറിക്കാനും പ്രതികളെ രക്ഷപ്പെടുത്താനുമുള്ള നിരന്തര ശ്രമങ്ങളെ അതിജീവിച്ച് നിശ്ചയദാർഢ്യത്തോടെ വിധിപ്രസ്താവിച്ച ജുഡീഷ്യറിയുടെ നിലപാട് ന്യൂനപക്ഷ-മതേതര വിശ്വാസികൾക്ക് തെല്ലൊന്നുമല്ല ആശ്വാസം പകരുന്നത്. സുപ്രീം കോടതിവിധിയും അതിലേക്കെത്തിയ സാഹചര്യങ്ങളും വിശകലന വിധേയമാക്കുന്നു.**

കത്വ കോടതി വിധി രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥിതിയുടെ തിളക്കത്തിന്റെ മാറ്റ് വർധിപ്പിച്ചിരിക്കുകയാണ്. ജമ്മുകശ്മീരിലെ കത്വയിൽ 2018 ജനുവരിയിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും കൊലചെയ്യപ്പെടുകയും ചെയ്ത എട്ടുവയസ്സുകാരിയുടെ കാര്യത്തിൽ പ്രതികൾക്കെതിരെ മരണം വരെ തടവ് വിധിച്ച പഠാൻകോട്ട് കോടതി വിധി ആശ്വാസകരമാണ്. തികച്ചും വർഗീയമായ കാരണത്താൽ മാത്രം കൊലചെയ്യപ്പെട്ട പെൺകുട്ടിക്ക് വേണ്ടി രാജ്യത്തെ മതേതര സമൂഹം ഒറ്റക്കെട്ടായി നിൽക്കുകയും നിയമപോരാട്ടം നടത്തുകയും ചെയ്തപ്പോൾ വർഗീയ ശക്തികൾക്ക് പത്തി താഴ്ത്തേണ്ടിവന്നുവെന്നതാണ് വാസ്തവം. മോഡി അധികാരത്തിലിരിക്കുമ്പോൾ സംഘ്പരിവാരത്തിന് എന്തുമാകാം എന്ന നിലപാടിനേറ്റ കനത്ത പ്രഹരമാണ് ഈ വിധി. ന്യൂനപക്ഷങ്ങളും മതേതര സമൂഹവും രാജ്യത്തിന്റെ ഭാ

വിയെ കുറിച്ച് ആശങ്കയോടെ ഭയവിഹ്വലരായി കഴിയുമ്പോൾ ഇന്ത്യൻ ജുഡീഷ്യറി കാണിച്ച ഈ നെഞ്ചൂക്ക് തന്നെയാണ് രാജ്യത്തിന്റെ ഭാവിയെ നിർണയിക്കുകയെന്ന കാര്യത്തിൽ സംശയം വേണ്ട. ന്യൂനപക്ഷങ്ങൾക്കിടയിൽ ഭയത്തിന്റെ വിത്ത് പാകുകയും അതോടൊപ്പം അപകർഷത വളർത്തുകയും ചെയ്യുന്ന ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതയുടെ വിചാരധാര തകർന്നടിയുകയാണിവിടെ.

2018 ജനുവരി 10ന് ജമ്മുകശ്മീരിലെ കത്വയിലെ രസന ഗ്രാമത്തിൽ കുതിരയെ മേയ്ക്കാൻ പോയ പെൺകുട്ടിയെ കാണാതാവുകയും പിതാവ് നൽകിയ പരാതിയിൽ പോലീസ് അന്വേഷണം നടത്തുകയും ഒരാഴ്ചയ്ക്ക് ശേഷം കൂട്ടബലാൽസംഗത്തിന് വിധേയമായ പെൺകുട്ടിയുടെ മൃതദേഹം വനത്തിൽ വെച്ച് കണ്ടെടുക്കുകയുമായിരുന്നു. കേസ് കശ്മീർ ക്രൈംബ്രാഞ്ചിന് കൈമാറിയെങ്കിലും സംഘപരിവാർ സംഘടനയായ ഹിന്ദു ഏകതാ മഞ്ച് പ്രതികൾക്ക് വേണ്ടി പ്രത്യക്ഷപ്പെടുകയും കടുത്ത വർഗീയ നിലപാടുകളുമായി രംഗത്തുവരികയും ചെയ്തു. അവർ നടത്തിയ പ്രകടനത്തിൽ ജമ്മുകശ്മീരിലെ ബി. ജെ. പി. മന്ത്രിമാരായ ചൗധരി ലാൽ സിംഗും ചന്ദ്ര പ്രകാശ് ഗംഗും പങ്കെടുക്കുകയും ചെയ്തു. അതോടെ വിഷയത്തിൽ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ നിലപാട് വ്യക്തമാവുകയും ചെയ്തു. രാജ്യത്ത് പശുവിന്റെ പേരിൽ ആൾക്കൂട്ട കൊലപാതകങ്ങൾ വർധിക്കുകയും ഒരു സമുദായത്തെ തിരഞ്ഞുപിടിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെയാണ് കത്വയിലെ പെൺകുട്ടി വർഗീയതയുടെ പേരിൽ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തത്. സംഘപരിവാരത്തിന്റെ മൃഗീയ വേട്ടകൾക്കെതിരെ ശബ്ദിച്ചിരുന്ന പല സാഹിത്യകാരന്മാരും പൊതുപ്രവർത്തകരും കൊലചെയ്യപ്പെടുകയുണ്ടായി. അത്യന്തം ഭീതിജനകമായ സാഹചര്യത്തിൽ ന്യൂനപക്ഷ സമുദായത്തിൽ പെട്ട ഒരു പെൺകുട്ടിക്ക് പോലും സ്വൈര്യമായി ജീവിക്കാൻ സാധിക്കില്ലെന്ന സന്ദേശം സംഘ്പരിവാരങ്ങൾ പരത്തുകയായിരുന്നു.

ബാലികയെ തട്ടിക്കൊണ്ടുപോയി ക്ഷേത്രത്തിൽ പാർപ്പിച്ച് മയക്കുമരുന്ന് നൽകി കൂട്ടബലാൽസംഗം ചെയ്തെന്ന് അന്വേഷണത്തിൽ വ്യക്തമായിരുന്നു. ബലാൽസംഗത്തിന് ശേഷം മരിച്ചെന്നുറപ്പിക്കാൻ വേണ്ടി കല്ലുകൊണ്ട് തലക്കടിക്കുകയായിരുന്നു. ഏപ്രിൽ 9ന് ഏഴുപേരെ പ്രതികളാക്കിക്കൊണ്ട് കത്വ കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടു. പ്രായപൂർത്തിയാവാത്ത എട്ടാം പ്രതിക്കെതിരെയും പിറ്റേദിവസം കുറ്റപത്രം നൽകി. വളരെ നാടകീയമായ സംഭവങ്ങൾ കത്വ കോടതിയിൽ അരങ്ങേറി. കുറ്റപത്രം സമർപ്പിക്കാനെത്തിയ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർക്കെതിരെ അതേ കോടതിയിൽ അഭിഭാഷക വേഷത്തിലെത്തിയ ചിലർ അക്രമാസക്തമായി.

സംഭവത്തിൽ ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ശക്തമായി പ്രതികരിച്ചതോടെ കേന്ദ്ര സർക്കാരും ജമ്മുകശ്മീർ സർക്കാരും പ്രതിക്കൂട്ടിലായി. പ്രകടനത്തിൽ പങ്കെടുത്ത മന്ത്രിമാർക്ക് മന്ത്രിസ്ഥാനം രാജിവെക്കേണ്ടിവന്നു. സർക്കാർ സംവിധാനങ്ങളും മന്ത്രിപരിവാരങ്ങളും ഒരുപോലെ കൊലയാളികൾക്ക് കൂട്ടായി നിന്നപ്പോൾ രാജ്യത്തെ ജുഡീഷ്യറി ഉണർന്നുപ്രവർത്തിച്ചു. ഏപ്രിൽ 16ന് കത്വ സെഷൻസ് കോടതിയിൽ വിചാരണ തുടങ്ങി. കൊലയാളികൾ കുറ്റം നിഷേധിക്കുകയും രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയെ അവഹേളിക്കുന്ന തരത്തിൽ ജുഗുപ്സാവഹമായ സംഭവങ്ങൾ അരങ്ങേറുകയും ചെയ്തതോടെ കത്വ കോടതിയി




**കത്വയിലെ സംഭവം കേവലം ഒരു പെൺകുട്ടിക്കെതിരെ നടന്ന അതിക്രമം മാത്രമല്ല. അവൾ ഉൾക്കൊള്ളുന്ന സമുദായത്തിന് നേരെയുള്ള വംശീയവും വർഗീയവുമായ കടന്നുകയറ്റം കൂടിയായിരുന്നു അത്. ബകർവാൾ വിഭാഗത്തിൽ പെട്ട നാടോടി മുസ്‌ലിംകളെ പ്രദേശത്ത് നിന്നും ഓടിക്കുന്നതിനായി മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയായിരുന്നു അത്. അതിനവർ തെരഞ്ഞെടുത്തത് എട്ടും പൊട്ടും തിരിയാത്ത നിഷ്‌കളങ്കയായ ഒരു പെൺകുട്ടിയെ ആയിരുന്നുവെന്ന് മാത്രം. സ്‌നേഹം ഭാവിച്ച പ്രതികളെ വിശ്വസിച്ച കുട്ടിയുടെ പുഞ്ചിരിയിലെ നിഷ്‌കളങ്കതയെ അവർ ചൂഷണം ചെയ്തു.**

ലെ വിചാരണ നീതിയുക്തമാവില്ലെന്നു സുപ്രീം കോടതിക്ക് തന്നെ ബോധ്യപ്പെടുകയുണ്ടായി. കത്വ കോടതിയിൽ കേസ് വാദിക്കുന്നത് സുരക്ഷിതമല്ലെന്ന് കണ്ടതോടെ മെയ് 7ന് കേസ് മറ്റൊരു സംസ്ഥാനമായ പഞ്ചാബിലെ പഠാൻകോട്ടിലെ കോടതിയിലേക്ക് മാറ്റിക്കൊണ്ട് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചു. രാജ്യത്തിന്റെ പരമോന്നത നീതിപീഠം കാണിച്ച ഈ ജാഗ്രതയാണ് കേസിന്റെ നടത്തിപ്പിനെ ശരിയായ ദിശയിലേക്ക് നയിച്ചത്.

പെൺകുട്ടിയുടെ കുടുംബത്തിനും സുഹൃത്തുക്കൾക്കും അഭിഭാഷകർക്കും സുരക്ഷ ഉറപ്പാക്കണമെന്ന് സുപ്രീം കോടതി ശക്തമായ നിർദേശം നൽകിയതോടെ ഭരണകൂടത്തിന് നിൽക്കക്കള്ളിയില്ലാതെയായി. അനുസരിച്ചേ പറ്റൂവെന്ന കോടതിയുടെ ശക്തമായ താക്കീതിന് മുമ്പിൽ സർക്കാരിന് മുട്ടുവിറച്ചു. കേസുമായി ബന്ധപ്പെട്ട രേഖകൾ മുദ്രവെച്ച കവറിൽ പോലീസ് അകമ്പടിയോടെ വേണം പഠാൻകോട്ടിലേക്ക് എത്തിക്കാനെന്നും കോടതി ഉത്തരവിട്ടു. കത്വ കോടതിയിലെ നടപടികൾ തടസ്സപ്പെടുത്താൻ അവിടുത്തെ അഭിഭാഷക വേഷം ധരിച്ചവർ തന്നെ ശ്രമിച്ച കാര്യം ശ്രദ്ധയിൽ പെട്ടതുകൊണ്ടാണ് സുപ്രീംകോടതി വളരെ ശക്തമായ നിലപാടിലേക്ക് പ്രവേശിച്ചത്. കത്വയിലെ അഭിഭാഷകർ നീതിന്യായ വ്യവസ്ഥിതിയെ വെല്ലുവിളിച്ചുകൊണ്ട് നടത്തിയ പ്രവൃത്തികൾക്കെതിരെ ഡൽഹിയിലെ അഭിഭാഷകർ സുപ്രീം കോടതി മുതൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യ വരെ പ്രതിഷേധ മാർച്ച് നടത്തിയ കാര്യം പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. കത്വ കോടതിയിൽ നീതിപൂർവം വിചാരണ നടക്കില്ലെന്നു പെൺകുട്ടിയുടെ പിതാവ് തന്നെ സുപ്രീം കോടതിയെ ബോധിപ്പിച്ചിരുന്നു. മുഖ്യപ്രതികൾ ഇതിനെതിരെ രംഗത്തുവരികയും ചെയ്തതോടെ കത്വ കോടതിയിൽ പ്രതികളെ രക്ഷപ്പെടുത്താനുള്ള മാർഗങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് സുപ്രീംകോടതിക്ക് ബോധ്യപ്പെടുകയായിരുന്നു. ജൂൺ 3ന് രഹസ്യവിചാരണ പൂർത്തിയാക്കിയ കോടതി പ്രതികളെ പഞ്ചാബിലെ ഗുർദാസ്പൂർ ജയിലിലേക്ക് മാറ്റി. പഠാൻകോട്ട് ജില്ലാ സെഷൻസ് കോടതിയിൽ ജൂൺ ആദ്യവാരത്തിൽ തന്നെ പരസ്യവിചാരണ ആരംഭിച്ചു.

ഒരു കോടതിക്ക് ചെയ്യാവുന്ന വേഗതയോടെയും സൂക്ഷ്മതയോടെയും കേസ് പഠാൻകോട്ടിൽ മുമ്പോട്ടുപോയി. ഒടുവിൽ പ്രതികൾക്ക് ശിക്ഷ വിധിച്ചു. ക്ഷേത്രത്തിന്റെ നടത്തിപ്പുകാരൻ സഞ്ജി റാം, പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ ദീപക് ഖജൂരിയ, നാട്ടുകാരനായ പർവേസ് കുമാർ എന്നിവർക്കാണ് പഠാൻകോട്ട് കോടതി മരണം വരെ ജയിൽശിക്ഷ വിധിച്ചിരിക്കുന്നത്. സബ് ഇൻസ്പെക്റ്റർ ആനന്ദ് ദത്ത, ഹെഡ് കോൺസ്റ്റബിൾ തിലക് രാജ്, പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ സുരീന്ദർ വർമ എന്നിവർക്ക് അഞ്ചുവർഷം വീതം തടവും അരലക്ഷം രൂപ പിഴയു




**പെൺകുട്ടിയുടെ അഭിഭാഷക ദീപികസിംഗ് രജാവത്തിന്റെ കൃത്യനിർവഹണത്തിലെ ആത്മാർഥതയും സത്യസന്ധതയും സൂക്ഷ്മതയും എടുത്തുപറയേണ്ടതാണ്. സംഘ്പരിവാർ ശക്തികൾ അവരെ നിരന്തരം ഭീഷണിപ്പെടുത്തിയപ്പോഴും അവർക്ക് വഴങ്ങാതെ കേസിന്റെ കാര്യത്തിൽ ഉറച്ചുനിൽക്കുകയായിരുന്നു അവർ. വിധി വന്നപ്പോൾ ഏറ്റവുമധികം സന്തോഷം രേഖപ്പെടുത്തിയതും അവരായിരുന്നു. കേസിന്റെ വഴികളിൽ അവരനുഭവിച്ച മാനസിക സംഘർഷത്തെ ആധാരമാക്കി 'ഭീഷണിക്കിടയിലൂടെ ഒരു അഭിഭാഷകയുടെ യാത്ര' വിവരിക്കുന്ന ഒരു പുസ്തകം ഇറക്കാൻ അവർ ആലോചിക്കുന്നുവെന്നും വ്യക്തമാക്കി. 'ഇത് നമ്മുടെ വിജയമാണ്; ഇന്നൊരു മഹത്തായ ദിനമാണ്' അവർ പറഞ്ഞു.**

മാണ് ശിക്ഷ വിധിച്ചിട്ടുള്ളത്. കേസിലെ ഏഴാം പ്രതി വിശാൽ ജാംഗോത്രയെ 'സംശയത്തിന്റെ ആനുകൂല്യത്തിൽ' വിട്ടയച്ചു. മുഖ്യപ്രതി സഞ്ജി റാമിന്റെ മകനാണിയാൾ. കേസ് വിധി പറഞ്ഞ ജഡ്ജ് തേജ്വീന്ദർ സിംഗ് പറഞ്ഞത് വളരെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു: 'സമൂഹത്തിൽ കാട്ടുനിയമമാണ് പ്രബലം എന്ന് തോന്നും വിധമാണ് ഈ കുറ്റകൃത്യത്തിന്റെ ആസൂത്രകൻ പെരുമാറിയത്. ഈ കേസിൽ പല വസ്തുതകളുമുണ്ട്. എന്നാൽ സത്യം ഒന്നുമാത്രമാണ്. ഒരു ക്രിമിനൽ ഗൂഢാലോചനയിലൂടെ നിഷ്കളങ്കയായ എട്ടുവയസ്സുകാരിയെ തട്ടിക്കൊണ്ടുപോയി തടവിലാക്കി മയക്കുമരുന്നു നൽകി ബലാൽസംഗം ചെയ്യുകയും ഒടുവിൽ കൊന്നുകളയുകയും ചെയ്തു.'

പെൺകുട്ടിയുടെ അഭിഭാഷക ദീപികസിംഗ് രജാവത്തിന്റെ കൃത്യനിർവഹണത്തിലെ ആത്മാർഥതയും സത്യസന്ധതയും സൂക്ഷ്മതയും എടുത്തുപറയേണ്ടതാണ്. സംഘ്പരിവാർ ശക്തികൾ അവരെ നിരന്തരം ഭീഷണിപ്പെടുത്തിയപ്പോഴും അവർക്ക് വഴങ്ങാതെ കേസിന്റെ കാര്യത്തിൽ ഉറച്ചുനിൽക്കുകയായിരുന്നു അവർ. വിധി വന്നപ്പോൾ ഏറ്റവുമധികം സന്തോഷം രേഖപ്പെടുത്തിയതും അവരായിരുന്നു. കേസിന്റെ വഴികളിൽ അവരനുഭവിച്ച മാനസിക സംഘർഷത്തെ ആധാരമാക്കി 'ഭീഷണിക്കിടയിലൂടെ ഒരു അഭിഭാഷകയുടെ യാത്ര' വിവരിക്കുന്ന ഒരു പുസ്തകം ഇറക്കാൻ അവർ ആലോചിക്കുന്നുവെന്നും വ്യക്തമാക്കി. 'ഇത് നമ്മുടെ വിജയമാണ്; ഇന്നൊരു മഹത്തായ ദിനമാണ്' അവർ പറഞ്ഞു.

കഠ്വയിലെ സംഭവം കേവലം ഒരു പെൺകുട്ടിക്കെതിരെ നടന്ന അതിക്രമം മാത്രമല്ല. അവൾ ഉൾക്കൊള്ളുന്ന സമുദായത്തിന് നേരെയുള്ള വംശീയവും വർഗീയവുമായ കടന്നുകയറ്റം കൂടിയായിരുന്നു അത്. ബകർവാൾ (ആട്ടിടയ) വിഭാഗത്തിൽ പെട്ട നാടോടി മുസ്‌ലിംകളെ പ്രദേശത്ത് നിന്നും ഓടിക്കുന്നതിനായി മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയായിരുന്നു അത്. അതിനവർ തെരഞ്ഞെടുത്തത് എട്ടും പൊട്ടും തിരിയാത്ത നിഷ്കളങ്കയായ ഒരു പെൺകുട്ടിയെ ആയിരുന്നുവെന്ന് മാത്രം. സ്നേഹം ഭാവിച്ച പ്രതികളെ വിശ്വസിച്ച കുട്ടിയുടെ പുഞ്ചിരിയിലെ നിഷ്കളങ്കതയെ അവർ ചൂഷണം ചെയ്തു. ലഹരി നൽകി മുറിയിൽ ഒരാഴ്ച അടച്ചിട്ടു. ഭക്ഷണം പോലും നൽകാതെ മൃഗീയമായി അവർ ആ പിഞ്ചുപൈതലിനെ പീഡിപ്പിച്ചു. മൃതപ്രായയായ കുട്ടിയെ ക്ഷേത്രത്തിനടുത്തുള്ള കലുങ്കിനടിയിൽ ഒളിപ്പിച്ചു. കൊലപ്പെടുത്തും മുമ്പ് പോലും ആ മനുഷ്യപ്പിശാചുക്കൾ കുട്ടിയെ ബലാൽസംഗം ചെയ്യാൻ മറന്നില്ല. അതുകൊണ്ടുതന്നെ മനുഷ്യത്വത്തെ നടുക്കുന്ന ഈ കുറ്റകൃത്യത്തെ അതീവ ഗൗരവത്തോടെയും വെറുപ്പോടെയുമാണ് കോടതി നിരീക്ഷിച്ചിട്ടുള്ളത്. ക്രിമിനൽ ഗൂഢാലോചന, കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, കൂട്ടബലാൽസംഗം, തെളിവുനശിപ്പിക്കൽ, ഇരയുടെ മേൽ മയക്കുമരുന്നു പ്രയോഗിക്കാൻ, കൂട്ടമായി കുറ്റകൃത്യത്തിൽ പങ്കാളിയാവൽ, വിഷം കുത്തിവെച്ച് വേദനയുണ്ടാക്കൽ തുടങ്ങി നിരവധി വകുപ്പുകൾ പ്രതികൾക്ക് മേൽ ചുമത്തിയിട്ടുണ്ട്. ഇന്ത്യൻ പീനൽ കോഡിന് പകരം കശ്മീരിലെ രൺബീർ പീനൽ കോഡിന്റെ അടിസ്ഥാനത്തിലാണ് ശിക്ഷ വിധിച്ചിട്ടുള്ളത്.

രാജ്യത്ത് ഇതിനുമുമ്പും ന്യൂനപക്ഷ വിഭാഗങ്ങൾ വേട്ടയാടപ്പെട്ടപ്പോഴൊക്കെയും വൈകാരികമായ ചില പ്രതിഷേധങ്ങളിൽ അവയെല്ലാം എരിഞ്ഞില്ലാതാവുകയായിരുന്നു പതിവ്. എന്നാൽ കഠ്വ വിഷയത്തിൽ മുസ്‌ലിം യൂത്ത് ലീഗിന്റെയും നാഷണൽ ഗ്രീൻ പവറിന്റെയും നേതാക്കൾ നടത്തിയ പക്വവും അവസരോചിതവുമായ ഇടപെടൽ കേസിനെ യഥാർഥ ദിശയിലൂടെ കൊണ്ടുപോകുവാൻ സഹായകമായി

**രാജ്യത്ത് ഇതിനുമുമ്പും ന്യൂനപക്ഷ വിഭാഗങ്ങൾ വേട്ടയാടപ്പെട്ടപ്പോഴൊക്കെയും വൈകാരികമായ ചില പ്രതിഷേധങ്ങളിൽ അവയെല്ലാം എരിഞ്ഞില്ലാതാവുകയായിരുന്നു പതിവ്. എന്നാൽ കഠ്വ വിഷയത്തിൽ മുസ്‌ലിം യൂത്ത് ലീഗിന്റെയും നാഷണൽ ഗ്രീൻ പവറിന്റെയും നേതാക്കൾ നടത്തിയ പക്വവും അവസരോചിതവുമായ ഇടപെടൽ കേസിനെ യഥാർഥ ദിശയിലൂടെ കൊണ്ടുപോകുവാൻ സഹായകമായിട്ടുണ്ട്. സംഭവം നടന്നയുടനെ ഇ. ടി. മുഹമ്മദ് ബഷീർ എം. പി ജമ്മുകശ്മീരിൽ പോയി കുട്ടിയുടെ കുടുംബത്തെ സമാശ്വസിപ്പിക്കുകയും എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തത് ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്രതീക്ഷയുണർത്തുകയുണ്ടായി. ഡൽഹിയിൽ നിയമപോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന മുതിർന്ന അഭിഭാഷക ഇന്ദിര ജയ്സിംഗുമായി അദ്ദേഹം നടത്തിയ കൂടിക്കാഴ്ച കേസിൽ ഒരു വഴിത്തിരിവ് സൃഷ്ടിച്ചു. നിയമപോരാട്ടത്തിന്റെ മുഴുവൻ ചെലവും മുസ്‌ലിം യൂത്ത് ലീഗ് ഏറ്റെടുത്തതായി ദേശീയ സെക്രട്ടറി സി. കെ. സുബൈർ അറിയിക്കുകയും ചെയ്തു.**

ട്ടുണ്ട്. സംഭവം നടന്നയുടനെ ഇ. ടി. മുഹമ്മദ് ബഷീർ എം. പി ജമ്മുകശ്മീരിൽ പോയി കുട്ടിയുടെ കുടുംബത്തെ സമാശ്വസിപ്പിക്കുകയും എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തത് ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്രതീക്ഷയുണർത്തുകയുണ്ടായി. ഡൽഹിയിൽ നിയമപോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന മുതിർന്ന അഭിഭാഷക ഇന്ദിര ജയ്സിംഗുമായി അദ്ദേഹം നടത്തിയ കൂടിക്കാഴ്ച കേസിൽ ഒരു വഴിത്തിരിവ് സൃഷ്ടിച്ചു. നിയമപോരാട്ടത്തിന്റെ മുഴുവൻ ചെലവും മുസ്‌ലിം യൂത്ത് ലീഗ് ഏറ്റെടുത്തതായി ദേശീയ സെക്രട്ടറി സി. കെ. സുബൈർ അറിയിക്കുകയും ചെയ്തു.

സി. കെ. സുബൈർ, അഡ്വ. വി. കെ. ഫൈസൽ ബാബു, ഷിബു മീരാൻ തുടങ്ങിയ യൂത്ത് ലീഗ് നേതാക്കൾ 2018 ജൂൺ ഒമ്പതിന് പഠാൻകോട്ടിലെത്തി നിയമസഹായം ഒരുക്കുന്നതിന് നടപടി തുടങ്ങി. ദീപികാസിംഗ് രജാവത്ത് കേസിൽ ഹാജരാവാത്തതിനെ തുടർന്നുണ്ടായ പ്രതിസന്ധികൾ പരിഹരിച്ചത് ഇവരുടെ ഇടപെടൽ മൂലമായിരുന്നു. അഡ്വ. മുബീൻ ഫാറൂഖിയുമായി കൂടിക്കാഴ്ച നടത്തിയ അവർ അദ്ദേഹത്തിന്റെ നിർദേശപ്രകാരം ഗുരുദാസ്പൂരിലെ പ്രമുഖ അഭിഭാഷകരായ കെ.കെ.പുരി, ഹർജ്ജൻ സിംഗ് എന്നിവരുടെ സേവനം കേസിൽ ലഭ്യമാക്കി. മുസ്‌ലിം യൂത്ത് ലീഗിനെ ഇക്കാര്യത്തിൽ ഏറെ സഹായിച്ചത് നാഷണൽ ഗ്രീൻ പവറായിരുന്നു. നാഷണൽ ഗ്രീൻ പവറിന്റെ നേതാക്കളുടെ സമയോചിതമായ ഇടപെടലാണ് യൂത്ത് ലീഗിനെ ചലനാത്മകമാക്കി നിർത്തിയത്. അഖ്‌ലാക്ക്, ജുനൈദ്, രോഹിത് വെമുല തുടങ്ങിയവരുടെ വിഷയങ്ങളിലും താങ്ങും തണലുമായി പ്രവർത്തിക്കാൻ ഗ്രീൻ പവറിനു സാധിച്ചു. മതേതരകക്ഷികളെ പരിപോഷിപ്പിക്കുന്നതിനും ന്യൂനപക്ഷങ്ങളിൽ രാഷ്ട്രീയ ബോധം വളർത്തുന്നതിനും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഗ്രീൻ പവറിന്റെ നേതൃത്വത്തിൽ വളരെ സജീവമായ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ആശാവഹമാണ്.

കേസിൽ വധശിക്ഷ ഉറപ്പാക്കേണ്ടതായിരുന്നെങ്കിലും വിധി ഇന്ത്യൻ ജുഡീഷ്യറിയുടെ ആത്മാവിനെ ഉയർത്തിപ്പിടിക്കുന്നത് തന്നെയാണ്. മുഖ്യപ്രതികൾക്ക് വധശിക്ഷ ലഭിക്കാതെ പോയതും ഒരു പ്രതിയെ വെറുതെ വിട്ടതുമടക്കമുള്ള കാര്യങ്ങൾ ഇനിയും ഉന്നത കോടതികളിൽ ചർച്ചയാവേണ്ടതുണ്ട്. നിയമപോരാട്ടം തുടരുമെന്നുതന്നെയാണ് അഭിഭാഷകരും കുടുംബവും വ്യക്തമാക്കിയിട്ടുള്ളത്. പോരാട്ടം അവസാനിപ്പിക്കാൻ പാടില്ല. നരാധമന്മാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നു മാതൃകാപരമായി ശിക്ഷിക്കേണ്ടതുണ്ട്. ഇനിയും ഒരു കഠ്വ ആവർത്തിച്ചുകൂടാ.

കഠ്വയിലെ പെൺകുട്ടിയടക്കം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിതം ഹോമിക്കപ്പെട്ട പെൺകുട്ടികൾക്ക് മരണാനന്തര നീതിയെങ്കിലും ലഭ്യമാവേണ്ടതുണ്ട്. മനുഷ്യത്വരഹിതമായ പ്രവൃത്തികൾ ചെയ്യുന്നവരെ ജാതിയും മതവും രാഷ്ട്രീയവും പരിഗണിക്കാതെ ഒറ്റപ്പെടുത്താൻ ജനാധിപത്യ ഇന്ത്യ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. നീതിയുടെ തുലാസിന് മുമ്പിൽ ഒരു ഫാസിസ്റ്റും രക്ഷപ്പെടരുത്. അവൻ എത്ര ഉന്നതനായാലും.

കഠ്വയിലെ പെൺകുട്ടിയെ കുറിച്ച ദാരുണമായ ഓർമകൾ പങ്കിടുമ്പോൾ തന്നെ കഴിഞ്ഞ ദിവസം കേവലം പതിനായിരം രൂപയ്ക്ക് വേണ്ടി അതി ഭീകരമായി കൊലചെയ്യപ്പെട്ട മൂന്നുവയസ്സുകാരി 'ട്വിങ്കിൾ ശർമ്മ'യുടെ ദാരുണമരണം നാം മറന്നുപോവരുത്. കഠ്വയിലെ പെൺകുട്ടിയ്ക്ക് വേണ്ടി പോരാടിയ പോലെ തന്നെ അലീഗറിലെ പെൺകുട്ടിയ്ക്ക് വേണ്ടി നാം ശബ്ദിക്കേണ്ടതുണ്ട്. പിശാചുക്കളെക്കാൾ അധഃപതിച്ച ഈ നരാധമന്മാരെ ഒരിക്കലും വെറുതെ വിട്ടുകൂടാ. ഒരു മനുഷ്യന്റെ ജീവൻ എടുത്തുകളയുന്ന വൻപാപം ചെയ്യുന്നവർക്ക് ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമില്ല എന്നതാണ് കാവ്യനീതി. ഭൂമിക്കും മാനവകുലത്തിനും അപമാനമായ ഇത്തരം ക്ഷുദ്രജീവികളെ വെച്ചുപൊറുപ്പിക്കാതെ പരമാവധി ശിക്ഷ നടപ്പാക്കുകയാണ് വേണ്ടത്. ●

**കഠ്വയിലെ പെൺകുട്ടിയെ കുറിച്ച ദാരുണമായ ഓർമകൾ പങ്കിടുമ്പോൾ തന്നെ കഴിഞ്ഞ ദിവസം കേവലം പതിനായിരം രൂപയ്ക്ക് വേണ്ടി അതി ഭീകരമായി കൊലചെയ്യപ്പെട്ട മൂന്നുവയസ്സുകാരി 'ട്വിങ്കിൾ ശർമ്മ'യുടെ ദാരുണമരണം നാം മറന്നുപോവരുത്. കഠ്വയിലെ പെൺകുട്ടിയ്ക്ക് വേണ്ടി പോരാടിയ പോലെ തന്നെ അലീഗറിലെ പെൺകുട്ടിയ്ക്ക് വേണ്ടി നാം ശബ്ദിക്കേണ്ടതുണ്ട്. പിശാചുക്കളെക്കാൾ അധഃപതിച്ച ഈ നരാധമന്മാരെ ഒരിക്കലും വെറുതെ വിട്ടുകൂടാ. ഒരു മനുഷ്യന്റെ ജീവൻ എടുത്തുകളയുന്ന വൻപാപം ചെയ്യുന്നവർക്ക് ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമില്ല എന്നതാണ് കാവ്യനീതി.**



അബ്ദുൽ ജബ്ബാർ അബ്ദുല്ല
mail@nerpatham.com

ലേഖനം

# സൽമാനുൽ ഫാരിസിയുടെ ആത്മകഥ

(പ്രമുഖ സ്വഹാബിവര്യനായ സൽമാനുൽ ഫാരിസി ﵁ യുടെ സത്യാന്വേഷണ യാത്രയുടെ വിവരണം)

"**അ**സ്ബഹാൻ ദേശത്തെ ജയ് ഗ്രാമക്കാരനായിരുന്നു ഞാൻ. ഒരു പേർഷ്യൻ വംശജൻ. എന്റെ പിതാവ് ഗ്രാമത്തലവനായിരുന്നു. എന്റെ പിതാവിന് ആരെക്കാളുമുപരി ഏറെ ഇഷ്ടം എന്നോടായിരുന്നു. ഒരിക്കലും അണഞ്ഞുപോകാതെ ജനങ്ങൾ സൂക്ഷിച്ചിരുന്നതായ അഗ്നിക്കരികിൽ, വീട്ടിൽനിന്നും പുറത്തിറങ്ങാത്തവിധം അദ്ദേഹം എന്നെ തടഞ്ഞുവെച്ചു; പെൺമക്കളെ വീടുവിട്ടിറങ്ങാൻ അനുവദിക്കാത്തതുപോലെ. അഗ്നിയെ ആരാധിച്ചുകൊണ്ട് ഞാൻ കാലംകഴിച്ചു. മജൂസി മതാചാരമനുസരിച്ച് ഒരു നിമിഷം പോലും അണയാതെ കത്തേണ്ട തീനാളത്തിനരികിൽ ഒരു യോഗിയായി ഞാൻ ജീവിതം തുടർന്നു.

എന്റെ പിതാവിന് വലിയ ഒരു തോട്ടമുണ്ടായിരുന്നു. അതിൽ നിത്യസന്ദർശകനായിരുന്നു പിതാവ്. ഒരുദിനം അദ്ദേഹത്തിന്റെ ഒരു കെട്ടിട ജോലിയിൽ വ്യാപൃതനായതിനാൽ സന്ദർശനം മുടങ്ങി. പിതാവ് എന്നോട് പറഞ്ഞു: "ഞാൻ പണിത്തിരക്കിലായതിനാൽ എനിക്ക് തോട്ടത്തിലേക്ക് പോകുവാനാവില്ല. നീ പോയി കാര്യങ്ങൾ തിരക്കി വരിക. അവിടെ വേണ്ട കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുക."

ഞാൻ തോട്ടം ലക്ഷ്യമാക്കി പുറപ്പെട്ടു. ക്രൈസ്തവരുടെ ഒരു ചർച്ചിന് മുന്നിലൂടെയാണ് ഞാൻ നടന്നത്. പ്രാർഥനാനിമഗ്നരായിരുന്ന ക്രൈസ്തവരുടെ ശബ്ദം ഞാൻ കേട്ടു. പിതാവ് എന്നെ വീട്ടിൽ കെട്ടിയിടുവാൻ മാത്രം ജനങ്ങൾക്കിടയിലെ വിഷയങ്ങൾ എന്തെന്ന് എനിക്ക് അറിയില്ലായിരുന്നു. അവരുടെ പ്രാർഥനാശബ്ദം കേട്ട ഞാൻ അവരുടെ ചെയ്തികൾ നോക്കിക്കാണുവാൻ അകത്തു കയറി. അവരെ കണ്ടതോടെ അവരുടെ പ്രാർഥന എന്നെ കൗതുകപ്പെടുത്തുകയും അവരിൽ എനിക്ക് താൽപര്യം ജനിക്കുകയും ചെയ്തു. ഞാൻ പറഞ്ഞു: 'പ്രപഞ്ചനാഥനാണേ, ഇത് ഞങ്ങളുടെ മജൂസി മതത്തെക്കാൾ നല്ലതാണ്.' സൂര്യാസ്തമയം വരെ ഞാൻ അവരോടൊപ്പം കഴിച്ചുകൂട്ടി. പിതാവിന്റെ തോട്ടത്തിലേക്ക് പോകുന്ന ഉദ്യമം ഞാൻ വേണ്ടെന്നുവെച്ചു.

ഞാൻ ക്രൈസ്തവരോട് ചോദിച്ചു:"ഈ മതത്തിന്റെ കേന്ദ്രം എവിടെയാണ്?"

അവർ പറഞ്ഞു: "ശാമിൽ(സിറിയ)."

ഞാൻ വീട്ടിലേക്ക് തിരിച്ചു. അപ്പോഴേക്കും പിതാവ് എന്നെ തിരക്കി ആളെവിട്ടിരുന്നു. ഞാൻ വൈകിയതിനാൽ പിതാവ് തന്റെ എല്ലാ ജോലികളും വേണ്ടെന്ന് വെച്ചിരുന്നു.

വീട്ടിലെത്തിയപ്പോൾ പിതാവ് ചോദിച്ചു: "മകനേ, നീ എവിടെയായിരുന്നു? ഞാൻ നിന്നോട് ഏൽപിച്ചതെല്ലാം എന്തായി?"

ഞാൻ പറഞ്ഞു: "പിതാവേ, പ്രാർഥനാനിരതരായി ചർച്ചിൽ ധ്യാനിച്ചിരുന്ന ഒരു വിഭാഗത്തിനരികിലൂടെ നടന്നപ്പോൾ അവരുടെ മതകർമങ്ങൾ എന്നെ ആശ്ചര്യചിത്തനാക്കി. സൂര്യാസ്തമയംവരെ ഞാൻ അവരോടൊപ്പം കഴിച്ചുകൂട്ടി."

പിതാവ്: "മകനേ, ആ മതത്തിൽ നന്മയൊന്നുമില്ല. നമ്മുടെ പിതാക്കളുടെ മതമായ മജൂസിമതമാണ് ഉത്തമമായത്."

ഞാൻ: "അല്ല, ഒരിക്കലും! പ്രപഞ്ചനാഥനാണേ, നമ്മുടെ മജൂസിമതത്തെക്കാൾ ഉത്തമമായത് അതുതന്നെയാണ്."

പിതാവ് എന്റെ കാര്യത്തിൽ ആശങ്കാകുലനായി. എന്റെ കാലുകളിൽ വിലങ്ങുതീർത്ത് വീട്ടിൽ ബന്ധിയാക്കി.

ഞാൻ ക്രൈസ്തവരിലേക്ക് ഒരു ദൂതനെ നിയോഗിച്ചു. സിറിയയിൽ നിന്ന് വല്ല കച്ചവടസംഘവും വന്നെത്തിയാൽ എന്നെ വിവരം ധരിപ്പിക്കണമെന്ന് ഞാൻ അവനോട് ആവശ്യപ്പെട്ടു. അവൻ അപ്രകാരം ചെയ്തു. ഒരു കച്ചവടസംഘം തങ്ങളുടെ ദൗത്യം അവസാനിപ്പിച്ച് യാത്രതിരിക്കുമ്പോൾ അവൻ എനിക്ക് വിവരം തന്നു. കാലിൽനിന്ന് ഇരുമ്പ് വിലങ്ങുകൾ എടുത്തെറിഞ്ഞ് ഞാൻ യാത്ര പുറപ്പെട്ടു.

സിറിയയിലെത്തിയ ഞാൻ ആരാഞ്ഞു: "ഇവിടെ ക്രൈസ്തവരിൽ ഏറെ മതനിഷ്ഠയുള്ള ആൾ ആരാണ്?"

അവർ പറഞ്ഞു: "ചർച്ചിലെ പുരോഹിതൻ."

ഞാൻ അയാളെ തേടിയെത്തി. ഞാൻ പറഞ്ഞു: "ഞാൻ ക്രിസ്തുമതത്തിൽ ആഗ്രഹം മൂത്തവനാണ്. അങ്ങയോടൊപ്പം കഴിയുന്നതും ചർച്ചിൽ അങ്ങയെ പരിചരിക്കുന്നതും അങ്ങയിൽനിന്ന് പഠിക്കുന്നതും അങ്ങയോടൊപ്പം പ്രാർഥിക്കന്നതും ഞാൻ ഇഷ്ടപ്പെടുന്നു."



അയാൾ പറഞ്ഞു: “കയറി വന്നുകൊള്ളുക.”

ഞാൻ അവിടെ കയറിപ്പറ്റി. പക്ഷേ, അയാൾ ചീത്ത മനുഷ്യനായിരുന്നു. ജനങ്ങളോട് ദാനധർമത്തിന് കൽപിക്കുകയും അവരിൽ ആഗ്രഹം ജനിപ്പിക്കുകയും ചെയ്തിരുന്ന അയാൾ കുമിഞ്ഞുകൂടുന്ന സംഭാവനകൾ തനിക്ക് സ്വന്തമാക്കുകയും സാധുക്കൾക്ക് തടയുകയും ചെയ്തുപോന്നു. അങ്ങനെ സ്വർണത്തിന്റെയും വെള്ളിയുടെയും ഏഴ് കുംഭങ്ങൾ അയാൾ ശേഖരിച്ചു. അയാളുടെ സ്വാർഥ പ്രവൃത്തികളിൽ ഞാൻ അയാളോട് ഏറെ ഈർഷ്യത വെച്ചുപുലർത്തി. ദൈവവിളി മരണമായി അയാളിൽ വന്നു. ക്രൈസ്തവർ അയാളുടെ സംസ്കാര ചടങ്ങിനെത്തി.

ഞാൻ അവരോട് പറഞ്ഞു: “ഇയാൾ ചീത്ത മനുഷ്യനായിരുന്നു.”

അവർ ചോദിച്ചു: “അത് താങ്കൾക്ക് എങ്ങനെ അറിയാം?”

ഞാൻ പറഞ്ഞു: “അയാൾ വീർപിച്ചു വലുതാക്കിയ ധനസംഭരണി ഞാൻ കാണിച്ചുതരാം.”

അവർ പറഞ്ഞു: “കാണിച്ചു തരൂ.”

സംഭരണികളുള്ള സ്ഥലം ഞാൻ കാണിച്ചുകൊടുത്തു. അവർ അത് പുറത്തെടുത്തപ്പോൾ ഏഴ് കുംഭങ്ങൾ നിറയെ സ്വർണവും വെള്ളിയുമായിരുന്നു. ഇവ കണ്ടമാത്രയിൽ അവർ പ്രഖ്യാപിച്ചു: “പ്രപഞ്ചകർത്താവാണേ, നാം ഇയാളെ സംസ്കരിക്കില്ല; ഒരിക്കലും.” അവർ ആ ശവത്തെ കുരിശിലേറ്റി. ശേഷം അതിനുനേരെ കല്ലെറിഞ്ഞു.

അയാളുടെ സ്ഥാനത്ത് മറ്റൊരു വ്യക്തിയെ അവർ അവരോധിച്ചു. നമസ്കാര-സ്തോത്രങ്ങളിലും ഭൗതിക വിരക്തിയിലും മരണാനന്തര ക്ഷേമതൽപരതയിലും ധ്യാനജീവിതത്തിലും അദ്ദേഹത്തെക്കാൾ ശ്രേഷ്ഠനായ മറ്റൊരാളെയും ഞാൻ കണ്ടില്ല. അതിനാൽ മുമ്പ് മറ്റാരെയും സ്നേഹിച്ചിട്ടില്ലാത്തത്ര ഞാൻ അദ്ദേഹത്തെ അളവറ്റ് സ്നേഹിച്ചു. അദ്ദേഹത്തോടൊന്നിച്ച് ഞാൻ കുറച്ച് കാലം കഴിച്ചുകൂട്ടി. അദ്ദേഹം മരണാസന്നനായപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു:

“ഞാൻ ഇത്രയും നാൾ അങ്ങയോടൊന്നിച്ച് കഴിച്ചുകൂട്ടി. മറ്റാരോടുമില്ലാത്ത വിധം ഞാൻ താങ്കളെ സ്നേഹിച്ചു. ഇപ്പോഴിതാ താങ്കളെത്തേടി ദിവ്യകൽപനയാകുന്ന മരണം വരാറായിരിക്കുന്നു. ഞാൻ ആരെ ആത്മീയ ഗുരുവാക്കുവാനാണ് താങ്കൾ നിർദേശിക്കുന്നത്? എന്താണ് എന്നോട് കൽപിക്കുന്നത്?”

അദ്ദേഹം പറഞ്ഞു: “മകനേ, അല്ലാഹുവാണെ സത്യം! ഞാനുള്ള ആദർശത്തിൽ ജീവിക്കുന്ന ആരും ഇന്ന് ഉള്ളതായി എനിക്കറിയില്ല. ജനങ്ങൾ ധാർമികമായി തകർന്നിരിക്കുന്നു. അവർ മതത്തെ മാറ്റിമറിച്ചു. ആദർശ ജീവിതം ഏറെക്കുറെ കയ്യൊഴിച്ചു, മൗസിൽ ദേശത്തുള്ള ഒരാളൊഴികെ. അദ്ദേഹം എന്റെ ആദർശ സുഹൃത്താണ്. അവിടം പ്രാപിക്കുക.”

അദ്ദേഹം പരലോകം പൂകിയപ്പോൾ ഞാൻ മൗസിൽ ദേശത്തെ പുരോഹിതന്റെ അടുക്കൽചെന്ന് എന്റെ വിവരം പറഞ്ഞു: “ഗുരുശ്രേഷ്ഠരേ, സിറിയയിലെ പുരോഹിതൻ തന്റെ മരണവേളയിൽ താങ്കളോട് ചേരുവാൻ നിർദേശിച്ചതനുസരിച്ചാണ് ഞാൻ ഇവിടെ എത്തിയത്. താങ്കൾ അദ്ദേഹത്തിന്റെ ആദർശബന്ധുവാണെന്ന് അദ്ദേഹം എന്നോട് പറഞ്ഞിരുന്നു.”

അദ്ദേഹം പറഞ്ഞു: “എന്നോടൊത്ത് കഴിഞ്ഞോളൂ.”

ഞാൻ അദ്ദേഹത്തോടൊപ്പം താമസമാരംഭിച്ചു. സിറിയയിലെ പുരോഹിതനെപ്പോലെ അദ്ദേഹവും ശ്രേഷ്ഠനായ മനുഷ്യനായിരുന്നു. എന്നാൽ, ഏറെ കഴിഞ്ഞില്ല; അദ്ദേഹവും മരണാസന്നനായി. അദ്ദേഹത്തോട് ഞാൻ പറഞ്ഞു: “ഗുരുശ്രേഷ്ഠരേ, സിറിയയിലെ പുരോഹിതന്റെ നിർദേശം അനുസരിച്ചാണ് ഞാൻ താങ്കളുടെ അടുക്കലെത്തിയത്. ഇപ്പോഴിതാ ദിവ്യകൽപനയാകുന്ന മരണം താങ്കളുടെ കൺമുന്നിൽ വന്നിരിക്കുന്നു. ഞാൻ ആരെ ആത്മീയ ഗുരുവാക്കുവാനാണ് താങ്കൾ നിർദേശിക്കുന്നത്? എന്താണ് എന്നോട് കൽപിക്കുന്നത്?”

അദ്ദേഹം പറഞ്ഞു: “മകനേ, അല്ലാഹുവാണെ സത്യം! നമ്മുടെ ആദർശത്തിൽ ജീവിക്കുന്ന ആരും ഇന്ന് ഉള്ളതായി എനിക്കറിയില്ല. നസ്വീബീൻ ദേശത്തുള്ള ഒരു പുരോഹിതൻ മാത്രമാണ് ശേഷിക്കുന്നത്. അവിടം പ്രാപിക്കുക.”

അദ്ദേഹം മരണം വരിച്ച് മൺമറഞ്ഞപ്പോൾ ഞാൻ നസ്വീബീനിലെ പുരോഹിതന്റെ അടുക്കൽ ചെന്ന് എന്റെ വിവരം പറഞ്ഞു. മൗസിലിലെ പുരോഹിതൻ കൽപിച്ച കാര്യങ്ങളും ഞാൻ അദ്ദേഹത്തോട് പറഞ്ഞു.

അദ്ദേഹം പറഞ്ഞു: “എന്നോടൊത്ത് കഴിഞ്ഞോളൂ.”

ഞാൻ അദ്ദേഹത്തോടൊപ്പം താമസമാരംഭിച്ചു.

**(അവസാനിച്ചില്ല)**

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# സമ്പന്നനായ ദരിദ്രൻ

ഒരിടത്ത് ഒരു ധനികനായ മനുഷ്യനുണ്ടായിരുന്നു. കഠിനാധ്വാനിയായ അയാൾ കച്ചവടത്തിലൂടെയും കൃഷിയിലുടെയുമാണ് ധാരാളം സമ്പത്തിന്റെ ഉടമയായി മാറിയത്. അദ്ദേഹം കുറെ വീടുകളും കെട്ടിടങ്ങളും ഉണ്ടാക്കി വാടകയ്ക്ക് നൽകി. ഏക്കർ കണക്കിന് കൃഷി സ്ഥലവും പറമ്പും സ്വന്തമായുണ്ട്. അങ്ങനെ നാട്ടിലെ ഏറ്റവും വലിയ പണക്കാരനായി അയാൾ അറിയപ്പെട്ടു.

അദ്ദേഹത്തിന് വയസ്സായി. കച്ചവടത്തിലും കൃഷിയിലും ശ്രദ്ധിക്കാൻ പറ്റാതായി. എന്നാൽ അദ്ദേഹത്തിന്റെ മക്കൾ കച്ചവടത്തിലും കൃഷിയിലും ശ്രദ്ധ പുലർത്തി.

വാർധക്യസഹജമായ രോഗങ്ങൾ അദ്ദേഹത്തെ പിടികൂടി. താൻ താമസിയാതെ മരിക്കുമെന്ന ചിന്ത അദ്ദേഹത്തെ തളർത്തി. കൂടുതലൊന്നും സംസാരിക്കാൻ വയ്യാതായി.

“ഞാൻ ദരിദ്രനാണ്...ഞാൻ ദരിദ്രനാണ്...” അദ്ദേഹം ഇങ്ങനെ പിറുപിറുത്തുകൊണ്ടിരുന്നു.

“ഉപ്പാ, എന്താണ് നിങ്ങളീ പറയുന്നത്? നിങ്ങൾ ദരിദ്രനാണെന്നോ? ഈ നാട്ടിലെ ഏറ്റവും വലിയ പണക്കാരൻ ഇപ്പോഴും നിങ്ങൾ തന്നെയാണ്” മക്കൾ അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

എന്നാൽ അദ്ദേഹം ‘ഞാൻ ദരിദ്രനാണ്... ഞാൻ ദരിദ്രനാണ്’ എന്ന് ആവർത്തിച്ചുകൊണ്ടിരുന്നു.

ഒടുവിൽ മക്കൾ അദ്ദേഹത്തെ വാഹനത്തിലിരുത്തി അദ്ദേഹത്തിന്റെ കെട്ടിടങ്ങളും പറമ്പുകളും വയലുകളുമെല്ലാം കാണിച്ചു കൊടുത്തു. എന്നിട്ട് പറഞ്ഞു: “ഉപ്പാ, ഇതെല്ലാം നിങ്ങളുടെ സ്വത്താണ്. പിന്നെ എന്തിനാണ് നിങ്ങൾ ദരിദ്രനാണ് എന്ന് വേവലാതിപ്പെടുന്നത്?”

അപ്പോഴും അദ്ദേഹം ‘ഞാൻ ദരിദ്രനാണ്... ഞാൻ ദരിദ്രനാണ്...’ എന്ന് പറഞ്ഞുകൊണ്ടിരുന്നു.

ഇതോടെ മക്കൾ ആശങ്കയിലായി. എന്താണ് ഉപ്പ ഇങ്ങനെ പറയുന്നത്? ഒരു പിടിയും കിട്ടുന്നില്ല. ഒടുവിൽ നാട്ടിലെ അറിയപ്പെട്ട ഒരു പണ്ഡിതനെ ചെന്ന് കണ്ടു. കാര്യങ്ങളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു.

“ഞാൻ അദ്ദേഹവുമായി ഒന്ന് സംസാരിക്കട്ടെ” പണ്ഡിതൻ പറഞ്ഞു.

പണ്ഡിതൻ മക്കളുടെ കൂടെ വൃദ്ധനെ സന്ദർശിക്കാനെത്തി. വൃദ്ധൻ ‘ഞാൻ ദരിദ്രനാണ്... ഞാൻ ദരിദ്രനാണ്...’ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത് അദ്ദേഹം നേരിൽ കേട്ടു.

പണ്ഡിതൻ വൃദ്ധന്റെ അരികിലിരുന്ന് കാര്യങ്ങൾ ചോദിച്ചറിയാൻ തുടങ്ങി. കുറെ നേരം സംസാരിച്ചപ്പോൾ പണ്ഡിതൻ വൃദ്ധന്റെ വാക്കുകളുടെ പൊരുൾ മനസ്സിലാക്കി. ഭൗതികമായ സമ്പത്ത് ഇല്ലാത്ത ദരിദ്രനാണ് താൻ എന്നല്ല അദ്ദേഹം പറയുന്നത്. മരിക്കാറായി. പക്ഷേ, പരലോകത്ത് സ്വർഗം ലഭിക്കാനാവശ്യമായ കർമങ്ങളുടെ വിഷയത്തിൽ താൻ ദരിദ്രനാണ്. ഇഹലോകത്തിന് വേണ്ടി ധാരാളം സമ്പാദിച്ചു. എന്നാൽ പരലോകത്തിന് വേണ്ടി സൽകർമങ്ങളൊന്നും ചെയ്തിട്ടില്ല. അതാണ് അയാളുടെ സങ്കടം.

പണ്ഡിതൻ അദ്ദേഹത്തെ സമാധാനിപ്പിച്ചു. അവശേഷിക്കുന്നത് എത്ര കുറച്ച് കാലമാണെങ്കിലും ചെയ്തു പോയ തെറ്റുകളിൽ പശ്ചാത്തപിക്കുവാനും സാധുക്കളെ സഹായിക്കുവാനും മറ്റും നിർദേശിച്ചു. ഉടനെ അദ്ദേഹം മക്കളെ വിളിച്ചുവരുത്തി സമ്പത്തിന്റെ കണക്കു നോക്കി സകാത്ത് കൊടുക്കുവാനും സ്വന്തമായി സ്ഥലമില്ലാത്ത പാവങ്ങൾക്ക് വീടുവെക്കാൻ സ്ഥലം നൽകുവാനും ധർമം ചെയ്യാനുമെല്ലാം കൽപിച്ചു. മക്കൾ ഉപ്പ പറഞ്ഞതുപോലെ എല്ലാം ചെയ്തു.

അദ്ദേഹം ‘ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞു കൊണ്ടിരിന്നു. അതിനിടയിലും ‘ഞാൻ ദരിദ്രനാണ്... ഞാൻ ദരിദ്രനാണ്’ എന്ന് അയാൾ പറയുന്നുണ്ടായിരുന്നു. ഏതാനും ദിവസങ്ങൾക്കകം സംതൃപ്തനായിക്കൊണ്ട് അദ്ദേഹം ഈ ലോകത്തോട് യാത്ര പറഞ്ഞു.




കൂട്ടുകാരേ, സമയം വിലപ്പെട്ടതാണ്. നന്മകൾ പിന്നീട് ചെയ്യാമെന്നു പറഞ്ഞ് നീട്ടിവെക്കരുത്. പരലോകത്തേക്കുള്ള സമ്പാദ്യം നമ്മൾ ചെയ്യുന്ന സൽകർമങ്ങളാണ്. അതിൽ മടി കാണിക്കരുത്.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം

സ്വഹീഹുൽ ബുഖാരി: വിമർശനവും വസ്തുതകളും: 2




# സ്വഹീഹുൽ ബുഖാരിയോടുള്ള പൂർവികരുടെ നിലപാട്

**1971** ഡിസംബർ മാസത്തിലെ അൽമനാർ മാസികയിൽ ശൈഖ് മുഹമ്മദ് മൗലവി എഴുതിയ ഒരു ലേഖനത്തിന്റെ തലവാചകം 'സ്വഹീഹുൽ ബുഖാരിയിൽ നിർമിത ഹദീഥുകളോ?' എന്നാണ്. പ്രസ്തുത ലേഖനത്തിലെ ചില വരികൾ കാണുക: "കഴിഞ്ഞു പോയ മുസ്‌ലിം കാലഘട്ടങ്ങൾ ഓരോന്നും പ്രസ്തുത പരമാർഥം കണിശമായും അംഗീകരിക്കുകയും സ്വഹീഹുൽ ബുഖാരിയെ ഉൽകൃഷ്ടമായും ആദരവോടെയും കൈകാര്യ ചെയ്തിട്ടുമുണ്ട്. എന്നാൽ മറ്റെല്ലാ വിഷയത്തിലുമെന്നപോലെ പൊളിച്ചെഴുത്തിന്റെ പുതിയ കാലഘട്ടം സ്വഹീഹുൽ ബുഖാരിയെയും കരിതേക്കാതെ, കശക്കിയെറിയാതെ വിട്ടില്ല. ചിലർ ഗ്രന്ഥം ആകപ്പാടെ തോട്ടിലെറിയണമെന്നാക്രോശിച്ചപ്പോൾ മറ്റുചിലർ നല്ലപിള്ള ചമഞ്ഞ് ചുളുവിൽ നിഷേധത്തിന് ധൃഷ്ടരായിരിക്കുന്നു."

ശൈഖ് മുഹമ്മദ് മൗലവി ബുഖാരിക്കെതിരെയുള്ള ദാറകുത്നിയുടെ വിമർശനങ്ങൾ ഉദ്ധരിച്ചുകൊണ്ട് അത്തരം വിമർശനങ്ങളുടെ അർഥശൂന്യത ഉദാഹരണസഹിതം വ്യക്തമാക്കിയതിന് ശേഷം എഴുതുന്നു: "ഈ ഉദാഹരണങ്ങളിൽ നിന്ന് ബുഖാരിയുടെയും മുസ്‌ലിമിന്റെയും റിപ്പോർട്ടർമാരെ സംബന്ധിച്ചുള്ള ആക്ഷേപത്തിന്റെ നില നല്ലപോലെ വ്യക്തമാവുന്നതാണ്. അപ്പോൾ ആക്ഷേപങ്ങൾ നൂറ് ശതമാനവും ഈ തരത്തിൽ പെട്ടതാകുന്നു" (മിശ്കാത്തുൽ ഹുദാ മാസികയിൽ വന്ന ലേഖനം അൽമനാർ മാസിക പുനഃപ്രസിദ്ധീകരിച്ചത്; 1994 ഒക്ടോബർ).

ഇന്നലെ എഴുതിയ ലേഖനം പോലെ തോന്നുന്ന ഇതിലെ ഓരോ വാചകത്തിനും വർത്തമാനകാല സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട്. ചുരുക്കത്തിൽ, മുസ്‌ലിം ഉമ്മത്ത് സ്വീകരിച്ച നിലപാട് തന്നെയാണ് സ്വഹീഹുൽ ബുഖാരിയുടെ വിഷയത്തിൽ കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനവും സ്വീകരിച്ചിരുന്നത്. മാത്രവുമല്ല ബുഖാരിക്കെതിരെ ചേകനൂർ മൗലവിയും സി.എൻ.അഹ്മദ് മൗലവിയും രംഗത്തുവന്നപ്പോൾ ശക്തമായ ഭാഷയിൽ തന്നെ അവർക്ക് മറുപടി നൽകിയതും ഇസ്‌ലാഹി പ്രസ്ഥാന നേതാക്കൾ തന്നെയായിരുന്നു.

ഏറ്റവും കുറ്റമറ്റ നിവേദക പരമ്പരകളിലൂടെ നിവേദനം ചെയ്യപ്പെട്ടിട്ടും ബുഖാരിയിലെ ഹദീസുകൾ തള്ളിക്കളയാനും അതിന്റെ സ്വീകാര്യതയിൽ സംശയം പ്രകടിപ്പിക്കാനും ദുർബലത ആരോപിക്കാനും ഈ കക്ഷികളെ പ്രേരിപ്പിക്കുന്ന ഘടകമെന്താണെന്ന് കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. സ്വഹീഹുൽ ബുഖാരിയിലെ മുഴുവൻ ഹദീസുകളും സ്വീകാര്യമല്ലെന്ന് പറയുന്നവരുടെ പ്രധാനപ്പെട്ട 'ന്യായം' അതിൽ ക്വുർആനിനെതിരായ ഹദീസുകൾ ഉണ്ട് എന്നാണ്. ഇവിടെയും അടിസ്ഥാനപരമായ ചില കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. ക്വുർആനിനെതിരായി സ്വഹീഹായ ഒരു ഹദീസും വരില്ല. കാരണം ക്വുർആൻ അല്ലാഹുവിന്റെ വചനമാണ്. ഹദീസ് നബിﷺയുടെ വചനമാണെങ്കിലും അല്ലാഹുവിൽ നിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിലാണ് നബിﷺ സംസാരിച്ചിട്ടുള്ളത്.

"അദ്ദേഹം (നബി) തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് (നബി സംസാരിക്കുന്നത്) അദ്ദേഹത്തിന് നൽകപ്പെടുന്ന ദിവ്യബോധനമല്ലാതെ (മറ്റൊന്നും) അല്ല" (ക്വുർആൻ: 53/4).

സ്വഹീഹായ ഹദീസുകളെല്ലാം അല്ലാഹുവിൽനിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബിﷺ സംസാരിച്ചതാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. സ്വഹീഹുൽ ബുഖാരിയിലെ പരമ്പരയോടു കൂടി നിവേദനം ചെയ്യപ്പെട്ട ഹദീസുകൾ മുഴുവനും സ്വഹീഹാണെന്നതിന് മുസ്‌ലിം ഉമ്മത്തിന്റെ ഏകോപിതമായ അഭിപ്രായം (ഇജ്മാഅ്) ഉള്ളതായി പണ്ഡിതൻമാർ രേഖപ്പെടുത്തിയിട്ടുമുണ്ട്. അത് കൊണ്ടു തന്നെ ബുഖാരിയിലെ ഹദീസുകളിൽ ഒന്നുപോലും തള്ളിക്കളയാവുന്നതല്ല.

**സ്വഹീഹുൽ ബുഖാരിയിലെ മുഴുവൻ ഹദീസുകളും സ്വീകാര്യമല്ലെന്ന് പറയുന്നവരുടെ പ്രധാനപ്പെട്ട 'ന്യായം' അതിൽ ക്വുർആനിനെതിരായ ഹദീസുകൾ ഉണ്ട് എന്നാണ്. ഇവിടെയും അടിസ്ഥാനപരമായ ചില കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. ക്വുർആനിനെതിരായി സ്വഹീഹായ ഒരു ഹദീസും വരില്ല. കാരണം ക്വുർആൻ അല്ലാഹുവിന്റെ വചനമാണ്. ഹദീസ് നബിﷺയുടെ വചനമാണെങ്കിലും അല്ലാഹുവിൽ നിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിലാണ് നബിﷺ സംസാരിച്ചിട്ടുള്ളത്.**

ക്വുർആനും ഹദീസും വഹ്‌യായതിനാൽ ക്വുർആനിനെതിരായി സ്വഹീഹായ ഒരു ഹദീസും വരില്ല. ചില ഹദീസുകൾ നോക്കുമ്പോൾ അത് ക്വുർആനിന് എതിരാണെന്ന് പ്രത്യക്ഷത്തിൽ നമുക്ക് തോന്നുന്നുവെങ്കിൽ ഉടൻ തള്ളുകയല്ല വേണ്ടത്. ഉദാഹരണത്തിന് ശവം ഹറാമാണെന്ന് മൂന്ന് തവണ (2:173, 5:3, 16:115) അല്ലാഹു ആവർത്തിച്ച് പ്രഖ്യാപിച്ചതാണ്. ഒരു ശവത്തെയും ഇതിൽ പ്രത്യേകമായി ഒഴിച്ചു നിർത്തിയിട്ടില്ല. എന്നാൽ കടലിലെ വെള്ളം ശുദ്ധിയുള്ളതും അതിലെ ശവം നിങ്ങൾക്ക് അനുവദനീയവുമാണെന്ന് നബിﷺ പറഞ്ഞതായി ഹദീസിൽ കാണാം. (നസാഈ 59, അബൂദാവൂദ്: 83). പ്രത്യക്ഷത്തിൽ നോക്കിയാൽ ഇത് ക്വുർആനിനെതിരാണെന്ന് തോന്നാം. യഥാർഥത്തിൽ കാര്യം അങ്ങനെയല്ല. നബിയുടെﷺ സംസാരം ക്വുർആനിന്റെ വിശദീകരണവും വ്യാഖ്യാനവുമാണ്. ചില ഹദീസുകളുടെ ലക്ഷ്യം ക്വുർആനിൽ ഇല്ലാത്ത ചില കാര്യങ്ങൾ വിശദീകരിക്കലുമായിരിക്കും. അതുകൊണ്ടുതന്നെ സൂക്ഷ്മ നിരീക്ഷണം നടത്തിയാൽ അവ തമ്മിൽ വൈരുധ്യമില്ലെന്നും ഒന്ന് മറ്റൊന്നിനെ വിശദീകരിക്കുകയാണ് ചെയ്യുന്നതെന്നും മനസ്സിലാക്കാൻ കഴിയും.

ഇമാം ഇബ്നുൽ ഖയ്യിം(റഹി) പറഞ്ഞു: "അല്ലാഹുവിനെയും അവന്റെ

മലക്കുകളെയും സാക്ഷി നിർത്തി നാം ഉറപ്പിച്ചു തന്നെ പറയട്ടെ; നബിയുടെﷺ ഹദീസിൽ ക്വുർആനിന് വിരുദ്ധമായതോ തെളിഞ്ഞ ബുദ്ധിക്ക് നിരക്കാത്തതോ ആയ ഒന്നും തന്നെയില്ല. നബിﷺയുടെ സംസാരം ക്വുർആനിന്റെ വിശദീകരണവും വ്യാഖ്യാനവുമാണ്. ക്വുർആനിനെതിരാണെന്ന് പറഞ്ഞ് ആരെങ്കിലും വല്ല ഹദീസുകളെയും തള്ളുന്നുവെങ്കിൽ, അതെല്ലാം ക്വുർആനിനോട് യോജിക്കുന്നത് തന്നെയായിരിക്കും. അത്തരം ഹദീസുകളുടെ ലക്ഷ്യം ക്വുർആനിൽ ഇല്ലാത്ത ചില കാര്യങ്ങൾ വിശദീകരിക്കലായിരിക്കും. അത് സ്വീകരിക്കാനാണ് നബിﷺ കൽപിച്ചതും" (അസ്സ്വവാഇകുൽ മുർസലാ. 2/529).


സ്വഹീഹായ ഹദീസുകളെ തള്ളാൻ ക്വുർആനിന്റെ മറപിടിച്ചുകൊണ്ട് ചിലർ രംഗപ്രവേശം നടത്തിയപ്പോൾ അതിനെ ശക്തമായി പ്രതിരോധിച്ച് അവരുടെ തെറ്റായ വാദങ്ങളെ തകർത്തെറിഞ്ഞവരായിരുന്നു നമ്മുടെ മുൻഗാമികൾ. ഖവാരിജുകളാണ് ഈയൊരു പുത്തൻ വാദത്തിന് തുടക്കമിട്ടത്. അവരുടെ നിലപാടുകളെക്കുറിച്ച് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ(റഹി) പറയുന്നു: "ക്വുർആനിനെ അങ്ങേയറ്റം മഹത്ത്വവൽകരിക്കുക എന്നതാണ് ഇവരുടെ നയം. അത് പിൻപറ്റാൻ ഇവർ പ്രത്യേകമായി പറയും. അഹ്‌ലുസ്സുന്നയിൽനിന്ന് തെറ്റിപ്പോയവരാണവർ. ക്വുർആനിന് എതിരാണെന്ന് അവർക്ക് തോന്നിയ കാര്യങ്ങൾ തള്ളുന്നവരാണവർ. വ്യഭിചാരിണിയെ എറിഞ്ഞ് കൊല്ലൽ, കട്ടവന്റെ കൈ മുറിക്കാനാവശ്യമായ കളവിന്റെ മൂല്യം എന്നിവ ഉദാഹരണം. പിഴച്ചുപോയ വിഭാഗമാണവർ. കാരണം, അല്ലാഹുവിന്റെ റസൂലിനാണ് ക്വുർആനെ കുറിച്ച് കൂടുതൽ അറിയുക" (ഫതാവാ. 3/208).

അപ്പോൾ, തങ്ങൾക്ക് അനുകൂലമല്ലാത്തതിനെ ക്വുർആൻ വിരുദ്ധമെന്ന് പറഞ്ഞ് തള്ളുന്ന പ്രവണത ഖവാരിജുകളാണ് തുടങ്ങിവെച്ചത്. ഇത് പിന്നീട് പലരും ഏറ്റെടുത്തു. ഇസ്‌ലാമിനെ തകർക്കാൻ വേഷം കെട്ടിയ ഓറിയന്റലിസ്റ്റുകൾ അത് പ്രചരിപ്പിച്ചു.

നബിﷺ വഹ്‌യിന്റെ അടിസ്ഥാനത്തിൽ സംസാരിച്ച സ്വഹീഹായ ഹ

ദീസുകളെക്കാൾ തങ്ങളുടെ പരിമിതമായ ബുദ്ധിക്ക് പ്രാധാന്യം കൊടുക്കുന്ന ചിലർ മുസ്‌ലിം ലോകത്ത് പിൽകാലത്ത് ഉടലെടുക്കുകയും ബുഖാരിയിലെ ഹദീസുകളെ തങ്ങളുടെ ബുദ്ധിക്കും യുക്തിക്കും വഴങ്ങുന്നില്ലെന്നും പറഞ്ഞ് തള്ളിക്കളയുകയും അവയെക്കുറിച്ച് നിർമിതം, ദുർബലം എന്നിങ്ങനെ വിധിയെഴുതുകയും ചെയ്തു. ഇസ്‌ലാമിക അധ്യാപനങ്ങളിൽ നിന്നും ബഹുദൂരം അകന്നുപോയ മുഅ്തസില വിഭാഗത്തിൽ നിന്നാണ് ഇത്തരം ശബ്ദം മുസ്‌ലിംലോകം ആദ്യം ശ്രവിച്ചത്.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ബുദ്ധിയെക്കാളും പ്രമാണങ്ങൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്. പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടത് ബുദ്ധിക്കെതിരാണെങ്കിലും അത് അംഗീകരിച്ചേ തീരൂ. വിശുദ്ധ ക്വുർആൻ പരിശോധിച്ചാൽ ബുദ്ധിക്കെതിരാണെന്ന് തോന്നുന്ന പല സംഭവങ്ങളും അതിൽ കാണാം. ഉറുമ്പിന്റെ സംസാരം സുലൈമാൻ നബിعليه السلام കേട്ടത്, മൂസാനബിعليه السلامക്ക് വേണ്ടി ചെങ്കടൽ പിളർന്നത് എന്നിവ ഉദാഹരണം. ഇതെല്ലാം നാം അപ്രകാരംതന്നെ അംഗീകരിക്കുന്നു. ഹദീഥിന്റെ വി



**ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ബുദ്ധിയെക്കാളും പ്രമാണങ്ങൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്. പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടത് ബുദ്ധിക്കെതിരാണെങ്കിലും അത് അംഗീകരിച്ചേ തീരൂ. വിശുദ്ധ ക്വുർആൻ പരിശോധിച്ചാൽ ബുദ്ധിക്കെതിരാണെന്ന് തോന്നുന്ന പല സംഭവങ്ങളും അതിൽ കാണാം. ഉറുമ്പിന്റെ സംസാരം സുലൈമാൻ നബിعليه السلام കേട്ടത്, മൂസാനബിعليه السلامക്ക് വേണ്ടി ചെങ്കടൽ പിളർന്നത് എന്നിവ ഉദാഹരണം. ഇതെല്ലാം നാം അപ്രകാരംതന്നെ അംഗീകരിക്കുന്നു. ഹദീഥിന്റെ വിഷയത്തിലും ഇതേ നിലപാടാണ് നാം അനുവർത്തിക്കേണ്ടത്.**

ഷയത്തിലും ഇതേ നിലപാടാണ് നാം അനുവർത്തിക്കേണ്ടത്. ഹദീസ് സ്ഥിരപ്പെട്ടതാണോ എന്ന കാര്യത്തിൽ അഥവാ നബിﷺ പറഞ്ഞിട്ടുള്ളതാണോ എന്ന കാര്യത്തിൽ നമുക്ക് നമ്മുടെ ബുദ്ധി ഉപയോഗിക്കാവുന്നതാണ്. എന്നാൽ നമ്മുടെ ബുദ്ധി ഉപയോഗിച്ച് അത് നബിﷺ പറഞ്ഞിട്ടുള്ളതാണെന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ ഹദീസിൽ പറഞ്ഞ കാര്യം ശരിയാണോയെന്ന് നമ്മുടെ ബുദ്ധികൊണ്ട് ചിന്തിക്കാൻ പാടില്ല. കാരണം നബിﷺ പറഞ്ഞ കാര്യമാണ് അതെന്ന് ബോധ്യപ്പെട്ടാൽ പിന്നെ അതിലേക്ക് കീഴൊതുങ്ങുകയാണ് സത്യവിശ്വാസി ചെയ്യേണ്ടത്.

“ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല” (ക്വുർആൻ: 4/65).

ഹദീഥുകളെ സ്വീകരിക്കുന്ന വിഷയത്തിലെ മുഅ്തസില ചിന്താഗതി കേരളത്തിലേക്കും പടർന്നിട്ടുള്ളത് നാം ഗൗരവപൂർവം മനസ്സിലാക്കേണ്ടതുണ്ട്. ബുഖാരിയിൽ ദുർബല ഹദീസുകളുണ്ടെന്ന് ധ്വനിപ്പിക്കുന്ന രീതിയിൽ ലേഖനം എഴുതുന്നേടത്തും ബുഖാരിയിലെ ചില ഹദീസുകൾ ആരുതന്നെ പറഞ്ഞാലും ഞങ്ങൾക്കത് സ്വീകാര്യമല്ലെന്ന് പരസ്യമായി പറയുന്നേടത്തും വരെ കാര്യങ്ങളെത്തിയിട്ടുണ്ട്. തങ്ങളുടെ ബുദ്ധിയുടെ തേരോട്ടത്തിനിടയിൽ സ്വഹീഹുൽ ബുഖാരിക്ക് സമൂഹമനസ്സിലുണ്ടായിരുന്ന സ്ഥാനവും ആദരവും തകർന്നുവീഴുന്നത് ഒരുപക്ഷേ, ഇവർപോലും അറിയുന്നില്ല.

സ്വഹീഹുൽ ബുഖാരിയിലെ ഏതെങ്കിലും ഒരു ഹദീസ് തള്ളിക്കളയുന്നത് ഹദീസ് നിഷേധത്തിൽ പെട്ടതു തന്നെയാണ്. ബുഖാരിയിലെ ഹദീസുകളിൽ സംശയത്തിന്റെ നിഴൽ പരത്തുന്നത് ഹദീസ് നിഷേധത്തിന്റെ ഒന്നാം പടിയാണ്. ആധുനിക ലോകത്തെ എല്ലാ ഹദീസ് നിഷേധികളും ആദ്യം കൈവെച്ചത് സ്വഹീഹുൽ ബുഖാരിയിലായിരുന്നു.

അല്ലാമാ അഹ്മദ് മുഹമ്മദ് ശാകിർ(റഹി) പറയുന്നു: “പ്രവാചകന്റെ ഹദീസുകളെ ജനമധ്യത്തിൽ വിലകുറച്ച് കാണിക്കാനോ മുഹദ്ദിസുകളുടെ പരിശ്രമങ്ങളെ നിസ്സാരവൽക്കരിക്കാനോ ശ്രമിക്കുന്നവർ ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീസുകളിൽ, പ്രത്യേകിച്ച് ബുഖാരിയിലെ ഹദീസുകളിൽ സംശയം ജനിപ്പിക്കുകയായിരിക്കും ആദ്യം ചെയ്യുക. അവയിൽ സംശയം സൃഷ്ടിച്ചാൽ ബാക്കിയുള്ള ഹദീഥ് ഗ്രന്ഥങ്ങളുടെ ആധികാരികതയിൽ സംശയം സൃഷ്ടിക്കാൻ എളുപ്പമായിരിക്കുമല്ലോ. എന്നാൽ അറിയുക, അവയിലെ മുഴുവൻ ഹദീസുകളും പണ്ഡിതൻമാരുടെ പക്കൽ പൂർണമായും സ്വഹീഹാണ്” (സ്വഹാബിഉൽ ഫീ വജ്ഹിസ്സുന്ന:108).

**ഹദീഥുകളെ സ്വീകരിക്കുന്ന വിഷയത്തിലെ മുഅ്തസില ചിന്താഗതി കേരളത്തിലേക്കും പടർന്നിട്ടുള്ളത് നാം ഗൗരവപൂർവം മനസ്സിലാക്കേണ്ടതുണ്ട്. ബുഖാരിയിൽ ദുർബല ഹദീസുകളുണ്ടെന്ന് ധ്വനിപ്പിക്കുന്ന രീതിയിൽ ലേഖനം എഴുതുന്നേടത്തും ബുഖാരിയിലെ ചില ഹദീസുകൾ ആരുതന്നെ പറഞ്ഞാലും ഞങ്ങൾക്കത് സ്വീകാര്യമല്ലെന്ന് പരസ്യമായി പറയുന്നേടത്തും വരെ കാര്യങ്ങളെത്തിയിട്ടുണ്ട്. തങ്ങളുടെ ബുദ്ധിയുടെ തേരോട്ടത്തിനിടയിൽ സ്വഹീഹുൽ ബുഖാരിക്ക് സമൂഹമനസ്സിലുണ്ടായിരുന്ന സ്ഥാനവും ആദരവും തകർന്നു വീഴുന്നത് ഒരുപക്ഷേ, ഇവർപോലും അറിയുന്നില്ല.**



ആധുനിക മുസ്‌ലിംലോകത്ത് ഹദീസ് നിഷേധികൾക്ക് മറുപടി എഴുതിയിട്ടുള്ള വ്യക്തിയാണ് അബുൽ അഅ്‌ലാ മൗദൂദി സാഹിബ്. എന്നാൽ തന്റെ ബുദ്ധിക്ക് വഴങ്ങാത്ത ഹദീസുകൾ; അത് സ്വഹീഹുൽ ബുഖാരിയിലുള്ളതാണെങ്കിൽ പോലും അദ്ദേഹം അംഗീകരിക്കാതിരുന്നിട്ടുണ്ട്. അദ്ദേഹം പറയുന്നു: “പൂർണമായും ശരിയായ ഗ്രന്ഥം ക്വുർആൻ മാത്രമാണ്. അതിന്ശേഷം സ്വഹീഹുൽ ബുഖാരി. പക്ഷേ, സനദിന്റെ (പരമ്പരയുടെ) അടിസ്ഥാനത്തിൽ മാത്രമാണത്. മത്നിന്റെ (ആശയത്തിന്റെ) അടിസ്ഥാനത്തിൽ അതിലുള്ളതെല്ലാം പൂർണമായും സ്വഹീഹാണെന്ന് ഉറപ്പിച്ച് പറയാനാവില്ല” (മൗകിഫിൽ ജമാഅത്തിൽ ഇസ്‌ലാമിയ്യ മിനൽ ഹദീസിന്നബവി).


മൗദൂദി സാഹിബിനെ തുടർന്ന് അദ്ദേഹത്തിന്റെ അനുയായികളും ബുഖാരിയിലെ ഹദീഥുകൾ ക്വുർആനിനെതിരാണെന്ന് പറഞ്ഞ് തള്ളുന്നുണ്ട്. ഒ.അബ്ദുറഹ്മാൻ സാഹിബ് എഴുതുന്നു: "മറ്റ് ചില ഹദീസുകളിൽ മുഹമ്മദ് നബിക്ക്ﷺ സിഹ്റ് ബാധിച്ചിരുന്നതായി പറയുന്നു. നബിﷺ സിഹ്റ് ചെയ്യുന്നവനോ സിഹ്റ് ബധിച്ചവനോ ആയിരുന്നുവെന്ന ശത്രുക്കളുടെ ആരോപണത്തെ ഖണ്ഡിതമായി നിരാകരിക്കുന്ന ക്വുർആൻ സൂക്തങ്ങൾ നിലവിലിരിക്കെയാണ്, സിഹ്റ് ബാധിച്ചതിനാൽ കുറെ ദിവസങ്ങളോളം അല്ലെങ്കിൽ മാസങ്ങളോളം മറവി ബാധിച്ചു നടന്നു എന്ന ഹദീസുകൾ. അതും യഹൂദി സിഹ്ർ ചെയ്തതു കൊണ്ട്" (പ്രബോധനം ഹദീഥ് പതിപ്പ് 2007, പേജ്:129).

കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസാധക വിഭാഗമായ ഐ.പി.എച്ച് 'സിഹ്ർ' എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി.മുഹമ്മദ് ആണ് ഗ്രന്ഥകർത്താവ്. ഈ ഗ്രന്ഥത്തിൽ സ്വഹീഹുൽ ബുഖാരിയിലെ സിഹ്റിന്റെ ഹദീസുകൾ കൊടുത്തിട്ടുണ്ട്. അവസാനം അതെല്ലാം ക്വുർആനിനെതിരാണെന്ന് പറഞ്ഞ് തള്ളുകയാണ് ചെയ്തിട്ടുള്ളത്.

അതേപോലെ കേരളത്തിൽ ഹദീസ് നിഷേധം പ്രചരിപ്പിച്ച വ്യക്തിയായ ചേകനൂർ മൗലവിക്ക് മറുപടി എഴുതിയിരുന്ന വ്യക്തിയാണ് അബ്ദുസ്സലാം സുല്ലമി. എന്നാൽ തന്റെ ബുദ്ധിക്ക് വഴങ്ങാത്ത ഹദീസുകൾ; അത് സ്വഹീഹുൽ ബുഖാരിയിൽ ആയിരുന്നിട്ടുകൂടി അദ്ദേഹവും തള്ളിക്കളഞ്ഞിട്ടുണ്ട്.

അദ്ദേഹം എഴുതിയ ഒരു ലേഖനത്തിന്റെ തലവാചകം 'വിമർശന വിധേയമായ ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും' എന്നാണ്. എന്നിട്ട് അദ്ദേഹം ഇരുപതോളം ഹദീസുകൾ കൊടുത്തിട്ട് ചില വിർമർശനങ്ങൾ ഉദ്ധരിക്കുന്നു. ശേഷം അദ്ദേഹം എഴുതി: "ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസുകളെ പൂർവികരായ ചില പണ്ഡിതൻമാർ വിമർശിച്ചതിന് ചില ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു. വിമർശനങ്ങൾ ഈ ലേഖകൻ അംഗീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നില്ല. നാം മുകളിൽ വിവരിച്ച തത്ത്വം സ്ഥാപിക്കുക മാത്രമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. വിമർശനങ്ങൾ മൊത്തം ശരിയാണെന്ന് വായനക്കാരും ധരിക്കേണ്ടതില്ല" (പ്രബോധനം ഹദീഥ് പതിപ്പ് 2007, പേജ്:185).

ഇവിടെ അദ്ദേഹം ഉദ്ധരിക്കുന്ന വിമർശനങ്ങൾ മൊത്തം ശരിയല്ലെന്ന് അദ്ദേഹത്തിന് അറിയാം. അ




**സ്വഹീഹുൽ ബുഖാരിയിലെ മുഴുവൻ ഹദീസുകളും സ്വീകരിക്കുന്നവൻ അന്ധവിശ്വാസിയായിത്തീരുമെന്നാണ് ചിലരുടെ വാദം. അങ്ങനെയാണെങ്കിൽ ഒന്നാമത്തെ അന്ധവിശ്വാസി നബിﷺ തന്നെ. അല്ലാഹുവിൽ ശരണം! കാരണം നബിﷺ പറഞ്ഞ ഹദീഥുകളാണ് അതിൽ അധികമുള്ളത്. പിന്നെ സ്വഹാബത്ത് മുതൽ താബിഉകൾ, മുഴുവൻ മുഹദ്ദിസുകൾ, ഇമാമുമാർ, പണ്ഡിതന്മാർ വരെയുള്ളവരെല്ലാം അന്ധവിശ്വാസികളാകും. സ്വഹീഹുൽ ബുഖാരിയിലെ ഹദീഥുകൾ പൂർണമായും സ്വീകരിക്കണമെങ്കിൽ അതിന് പ്രമാണം വേണമെന്ന വാദം പുതിയ ഗവേഷണഫലമാണ്. നബിﷺയുടെ ഹദീസുകൾ മുഴുവൻ സ്വീകരിക്കണമെങ്കിൽ അതിന് പ്രമാണം വേണമെന്ന് വാദിക്കുന്നവൻ കുഫ്റിലാണ് എത്തിപ്പെടുക.**

തുകൊണ്ടാണ് വിമർശനങ്ങൾ മൊത്തം ശരിയാണെന്ന് വായനക്കാരും ധരിക്കേണ്ടതില്ലെന്ന് പറഞ്ഞത്. എങ്കിൽപിന്നെ ഈ വിമർശനങ്ങളൊന്നും ശരിയല്ലെന്ന് പറഞ്ഞാൽ പോരേ? അത് പറയാൻ അദ്ദേഹത്തിന് കഴിയില്ല. കാരണം ബുഖാരിയിലെ പല ഹദീസുകളും അദ്ദേഹം തള്ളിയിട്ടുണ്ട്. അതുകൊണ്ടാണ് 'നാം മുകളിൽ വിവരിച്ച തത്ത്വം സ്ഥാപിക്കുക മാത്രമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യ'മെന്ന് പറഞ്ഞിട്ടുള്ളത്. എന്താണ് അദ്ദേഹം 'മുകളിൽ വിവരിച്ച തത്ത്വം?' ബുഖാരിയിലും മുസ്‌ലിമിലും വിമർശനവിധേയമായ ഹദീഥുകൾ ഉണ്ടെന്നും സനദിന്റെയും (പരമ്പരയുടെ) മത്നിന്റെയും (ആശയം) അടിസ്ഥാനത്തിൽ പണ്ഡിതന്മാർ ബുഖാരിയിലെ ഹദീഥുകളെ വിമർശിച്ചിട്ടുണ്ടെന്നതുമാണത്.

യഥാർഥത്തിൽ, അല്ലാമാ അഹ്മദ് മുഹമ്മദ് ശാകിർ(റഹി) പറഞ്ഞ ഹദീസ് നിഷേധത്തിന്റെ ഒന്നാം പടി, അതായത് ബുഖാരിയിലെ ഹദീഥുകളിൽ സംശയം ജനിപ്പിക്കുക എന്നതാണിവിടെ ചെയ്തിട്ടുള്ളത്.


നബിക്ക് ﷺ സിഹ്റ് ബാധിച്ചുവെന്ന ബുഖാരിയിലെയും മുസ്‌ലിമിലേയും ഹദീഥിനെ കുറിച്ച് സുല്ലമി എഴുതുന്നു: "അതിനാൽ ഈ ഹദീഥ് പരമ്പരക്കും മത്നിനും (ആശയം) ഹദീഥ് പണ്ഡിതൻമാർ പറഞ്ഞ മുഴുവൻ വ്യവസ്ഥയും യോജിച്ചാൽ പോലും തെളിവിന് പറ്റുകയില്ല" (ജിന്ന്, പിശാച്, സിഹ്റ്; പേജ്: 138).

മാത്രമല്ല ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഈ ഹദീഥിനെ ആറോളം 'ന്യായങ്ങൾ' പറഞ്ഞ് സുല്ലമി തള്ളുകയും ചെയ്തിരിക്കുന്നു.

സ്വഹീഹുൽ ബുഖാരിയിലെ മുഴുവൻ ഹദീസുകളും സ്വീകരിക്കുന്നവൻ അന്ധവിശ്വാസിയായിത്തീരുമെന്നാണ് ഇക്കൂട്ടരുടെ വാദം. അങ്ങനെയാണെങ്കിൽ ഒന്നാമത്തെ അന്ധവിശ്വാസി നബിﷺ തന്നെ. അല്ലാഹുവിൽ ശരണം! കാരണം നബിﷺ പറഞ്ഞ ഹദീഥുകളാണ് അതിൽ അധികമുള്ളത്. പിന്നെ സ്വഹാബത്ത് മുതൽ താബിഉകൾ, മുഴുവൻ മുഹദ്ദിസുകൾ, ഇമാമുമാർ, പണ്ഡിതന്മാർ വരെയുള്ളവരെല്ലാം അന്ധവിശ്വാസികളാകും.

സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകൾ പൂർണമായും സ്വീകരിക്കണമെങ്കിൽ അതിന് പ്രമാണം വേണമെന്ന വാദം പുതിയ ഗവേഷണഫലമാണ്. നബിﷺയുടെ ഹദീസുകൾ മുഴുവൻ സ്വീകരിക്കണമെങ്കിൽ അതിന് പ്രമാണം വേണമെന്ന് വാദിക്കുന്നവൻ കുഫ്റിലാണ് എത്തിപ്പെടുക.

ചുരുക്കത്തിൽ സ്വഹീഹുൽ ബുഖാരി എന്ന ഗ്രന്ഥം മുസ്‌ലിം ഉമ്മത്ത് മൊത്തത്തിലാണ് ഏറ്റെടുത്തത്. അവരാണ് അതിലുള്ള മുസ്നദായ മുഴുവൻ ഹദീസുകളും സ്വീകാര്യമാണെന്ന് പറഞ്ഞത്. അപ്പോൾ ഈ ഉമ്മത്തിന്റെ നിലപാട് അറിയാത്ത ചില അൽപജ്ഞാനികളാണ് ഇതുപോലെ ബുഖാരിയിലെ ഹദീസുകൾക്കെതിരെ വാളെടുക്കുന്നത്.





**കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസാധക വിഭാഗമായ ഐ.പി.എച്ച് 'സിഹ്ർ' എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി.മുഹമ്മദ് ആണ് ഗ്രന്ഥകർത്താവ്. ഈ ഗ്രന്ഥത്തിൽ സ്വഹീഹുൽ ബുഖാരിയിലെ സിഹ്റിന്റെ ഹദീസുകൾ കൊടുത്തിട്ടുണ്ട്. അവസാനം അതെല്ലാം ക്വുർആനിനെതിരാണെന്ന് പറഞ്ഞ് തള്ളുകയാണ് ചെയ്തിട്ടുള്ളത്.അതേപോലെ കേരളത്തിൽ ഹദീസ് നിഷേധം പ്രചരിപ്പിച്ച വ്യക്തിയായ ചേകനൂർ മൗലവിക്ക് മറുപടി എഴുതിയിരുന്ന വ്യക്തിയാണ് അബ്ദുസ്സലാം സുല്ലമി. എന്നാൽ തന്റെ ബുദ്ധിക്ക് വഴങ്ങാത്ത ഹദീസുകൾ; അത് സ്വഹീഹുൽ ബുഖാരിയിൽ ആയിരുന്നിട്ടുകൂടി അദ്ദേഹവും തള്ളിക്കളഞ്ഞിട്ടുണ്ട്.**

പൂർവികരാരുംതന്നെ ബുഖാരിയിലെ ഹദീസുകളെ സംബന്ധിച്ച് ദുർബലമാണെന്നോ നിർമിതമാണെന്നോ ക്വുർആനിന് എതിരാണെന്നോ ബുദ്ധിക്കെതിരാണെന്നോ പറഞ്ഞിട്ടില്ല. മറിച്ച് അവരെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞിട്ടുള്ളത് അവയെല്ലാം പൂർണമായി സ്വഹീഹാണെന്നാണ്. ഈ വിഷയത്തിലെ ഇജ്മാഇനെ എതിർക്കുന്നവർ സലഫിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചവരാണ്. ●

മുഹമ്മദ് അമൽ
mail@nerpatham.com

ലേഖനം



# മനുഷ്യൻ എന്ന വിസ്മയ സൃഷ്ടി

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറെ സവിശേഷതകളുള്ള ഒരു സൃഷ്ടിയാണ് മനുഷ്യൻ. മറ്റു സൃഷ്ടികൾക്കില്ലാത്ത പല കഴിവുകളും മനുഷ്യനുണ്ട്. ചിന്താശേഷിയും സത്യവും അസത്യവും നന്മയും തിന്മയും വേർതിരിച്ച് മനസ്സിലാക്കാനുള്ള വിവേചന ബുദ്ധിയും കൊണ്ട് അനുഗൃഹീതനാണ് മനുഷ്യൻ. ഈ അനുഗ്രഹങ്ങളെല്ലാം നൽകി അല്ലാഹു മനുഷ്യനെ ഭൂമിയിലേക്കയച്ചത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവന് സമ്പൂർണമായി കീഴൊതുങ്ങി ജീവിക്കുവാനുമാണ്.

### മനുഷ്യന്റെ പ്രത്യേകത

മനുഷ്യൻ ജന്മനാ ജിജ്ഞാസുവാണ്. കുട്ടിക്കാലത്ത് തന്നെ കളിപ്പാട്ടം തല്ലിയുടച്ച് അതിനുള്ളിലെന്താണുള്ളതെന്ന് അറി

യാനുള്ള താൽപര്യം അവൻ കാണിക്കുന്നു. ശരീരം വളരുന്നതിനനുസരിച്ച് അവന്റെ ചിന്തകളും വളരുന്നു. തനിക്ക് ചുറ്റുമുള്ള ജീവജാലങ്ങളെക്കുറിച്ചും മൃഗങ്ങളെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും സൃഷ്ടി വൈഭവങ്ങളെക്കുറിച്ചും അവൻ ചിന്തിക്കാൻ തുടങ്ങുന്നു.

മനുഷ്യൻ തന്നെക്കുറിച്ച് പഠിക്കാൻ ശ്രമിച്ചാൽ സ്രഷ്ടാവിന്റെ വൈഭവം കണ്ടെത്താൻ സാധിക്കുന്നതാണ്. തന്റെ ശരീരത്തിലെ അതിസൂക്ഷ്മവും സങ്കീർണവുമായ ആന്തരിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന നാഥനെ അവൻ നമിച്ചുപോകും. ഏത് സൃഷ്ടിയെക്കുറിച്ച് ചിന്തിച്ചാലും സ്രഷ്ടാവിന്റെ ഈ സൃഷ്ടിവൈഭവം കണ്ടെത്താൻ കഴിയും. അത്കൊണ്ടു തന്നെ അല്ലാഹു ജൈവ-അജൈവ വസ്തുക്കളെക്കുറിച്ച് ചിന്തിക്കുവാൻ ക്വുർആനിലൂടെ മനുഷ്യനെ പ്രേരിപ്പിക്കുന്നത് കാണാം:

“ഒട്ടകത്തിന്റെ നേർക്ക് അവർ നോക്കുന്നില്ലേ? അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്. ആകാശത്തേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നു എന്ന്. പർവതങ്ങളിലേക്ക് (അവർ നോക്കുന്നില്ലേ?) അവ എങ്ങനെ നാട്ടി നിർത്തപ്പെട്ടിരിക്കുന്നു എന്ന്. ഭൂമിയിലേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ പരത്തപ്പെട്ടിരിക്കുന്നുവെന്ന്” (ക്വുർആൻ 88:17-20).

“ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പലദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങളിൽ തന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്). എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലേ?” (ക്വുർആൻ 51: 20,21).

### മനുഷ്യശരീര ഘടന

“തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു” (ക്വുർആൻ 95:4).

മനുഷ്യശരീരത്തിന്റെ നിസ്തുലമായ ഘടനയും അതിന്റെ സങ്കീർണമായ പ്രവർത്തനങ്ങളും വിസ്മയകരമാണ്. അല്ലാഹു ചോദിക്കുന്നു:

“ഹേ; മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചു കളഞ്ഞതെന്താണ്? നിന്നെ സൃഷ്ടിക്കുകയും നിന്നെ സംവിധാനിക്കുകയും നിന്നെ ശരിയായ അവസ്ഥയിലാക്കുകയും ചെയ്തവനത്രെ അവൻ. താൻ ഉദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിച്ചവൻ” (ക്വുർആൻ 82:6-8).

നമ്മുടെ ആരുടെയും അഭിപ്രായ പ്രകാരമല്ല നാം ഇവിടെ ജനിച്ചതും ഇനി ഇവിടെ നിന്ന് വിടപറഞ്ഞ് പോകുന്നതും. ഒരു കുട്ടിയായി പിറന്ന് വാർധക്യത്തിൽ എത്തി മരിക്കുന്ന ഒരു മനുഷ്യന്റെ ശരീര ഘടനയിൽ വരുന്ന മാറ്റങ്ങളിൽ ആ വ്യക്തിക്ക് യാതാരു പങ്കുമില്ല. എല്ലാം തീരുമാനിക്കുന്നതും നിയന്ത്രിക്കുന്നതും അല്ലാഹു മാത്രം.

ഭൂമിയിലെ വർണാഭമായ കാഴ്ചകൾ കാണാൻ കണ്ണുകളും ഇമ്പമാർന്ന സ്വരങ്ങൾ ശ്രവിക്കാൻ കാതുകളും ആശയവിനിമയത്തിന് നാവും ചുണ്ടുകളും വിശ്രമമില്ലാതെ മിടിക്കുന്ന ഹൃദയവും അടക്കം എണ്ണിയാൽ ഒടുങ്ങാത്ത അനുഗ്രഹങ്ങൾ നൽകപ്പെട്ടവനാണ് മനുഷ്യൻ.

### എന്തിൽനിന്ന്?

‘ഹേ, മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു”(49:13)

“തീർച്ചയായും കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചു” (ക്വുർആൻ 76:2).

“അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്? അതല്ല നാമാണോ സൃഷ്ടികർത്താവ്”(ക്വുർആൻ 56:58,59).

“ഏതൊരു വസ്തുവിൽ നിന്നാണ് അല്ലാഹു അവനെ സൃഷ്ടിച്ചത്? ഒരു ബീജത്തിൽ നിന്ന് അവനെ സൃഷ്ടിക്കുകയും എന്നിട്ട് അവനെ (അവന്റെ കാര്യം) വ്യവസ്ഥപ്പെടുത്തുകയും ചെയ്തു” (ക്വുർആൻ 80:18,19).

സ്രവിക്കപ്പെടുന്ന മുഴുവൻ ശുക്ലത്തിൽനിന്നല്ല, മറിച്ച് ശുക്ലത്തിലടങ്ങിയിരിക്കുന്ന അനേകം കോടി ബീജങ്ങളിലൊന്നിൽനിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതെന്ന വസ്തുത വ്യക്തമാക്കുന്ന ഒരു ക്വുർആൻ സൂക്തം കാണുക:

“അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽനിന്നുള്ള ഒരു കണമായിരുന്നില്ലേ?” (ക്വുർആൻ 75:37).

എന്നാൽ ശാസ്ത്രലോകം ആദ്യകാലങ്ങളിൽ ഇതിൽനിന്ന് വിഭിന്നമായ അഭിപ്രായങ്ങളാണ് മുന്നോട്ട് വെച്ചിരുന്നത്. പിതാവിന്റെ ശുക്ലത്തിലോ മാതാവിന്റെ രക്തത്തിലോ കുഞ്ഞിന്റെ ഒരു ചെറുരൂപം ഒളിഞ്ഞിരിക്കുന്നു; അതാണ് പിന്നീട് കുഞ്ഞായിമാറുന്നതെന്നും ആർത്തവരക്തം കട്ടപിടിച്ചാണ് കുഞ്ഞിന്റെ അവയവങ്ങളുണ്ടാക്കുന്നതെന്നുമായിരുന്നു അരിസ്റ്റോട്ടിലിന്റെ വാദം. 17ാം നൂറ്റാണ്ടിൽ വില്ല്യം ഹാർവി എന്ന ശാസ്ത്രജ്ഞൻ പറഞ്ഞത് സ്ത്രീയുടെ അണ്ഡാശയത്തിൽ ഒരു ചെറിയ കുഞ്ഞുണ്ട്. ശുക്ലം ചേരുമ്പോൾ

ആ കുഞ്ഞ് വളരുന്നു എന്നാണ്. ഇതേ ആശയവുമായി വോൺഹലാം എന്ന ശാസ്ത്രജ്ഞനും രംഗത്തുവന്നു. എന്നാൽ പുരുഷ ശുക്ലത്തിലാണ് ചെറിയ മനുഷ്യരൂപമുള്ളതെന്നും അത് മാതാവിന്റെ ഗർഭപാത്രത്തിൽ വളർന്ന് കുട്ടിയാകുന്നു എന്ന് വാദിച്ച് ഇതിനെതിരെ പല ശാസ്ത്രജ്ഞരും മുന്നോട്ട് വന്നു. ഇതോടെ ഭ്രൂണശാസ്ത്രജ്ഞന്മാർ രണ്ട് ചേരികളായി മാറി. ഹാൻസ് അഡോൾഫ് എഡ്വാർഡ് ഡ്രീഷ് എന്ന ഭ്രൂണശാസ്ത്രജ്ഞൻ, ബീജവും അണ്ഡവും സംയോജിച്ചാണ് കുഞ്ഞുണ്ടാകുന്നതെന്ന് സാങ്കേതികമായി തെളിയിച്ചതോടെയാണ് ഈ തർക്കങ്ങൾക്ക് വിരാമമായത്.

ഒരു യഹൂദിയുടെ ചോദ്യത്തിന് നബിﷺ നൽകിയ മറുപടിയിൽ പുരുഷബീജവും സ്ത്രീബീജവും കൂടിച്ചേർന്നാണ് കുഞ്ഞുണ്ടാകുന്നതെന്ന കാര്യം വ്യക്തമായി പ്രസ്താവിച്ചതായി കാണാം:

യഹൂദി ചോദിച്ചു: 'ഹേ, മുഹമ്മദ്, എന്തുകൊണ്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്?' നബിﷺ മറുപടി പറഞ്ഞു: 'ഹേ, യഹൂദാ, (മനുഷ്യൻ) സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് രണ്ടിൽ നിന്നും കൂടിയാകുന്നു; പുരുഷബീജത്തിൽനിന്നും സ്ത്രീബീജത്തിൽ നിന്നും'(അഹ്മദ്).

**ഭ്രൂണവളർച്ച**

വിശുദ്ധ ക്വുർആൻ പറയുന്നു: "തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായി(നുത്ഫത്)ക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്തേക്ക് വച്ചു. പിന്നീട് ആ ബീജത്തെ നാം ഒരു ഭ്രൂണമായി (അലക്വത്) രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡ(മുദ്ഗത്)മായി രൂപപ്പെടുത്തി. തുടർന്ന് ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (ക്വുർആൻ: 12-14).

മാതാവിന്റെ ഗർഭപാത്രത്തിൽവെച്ച് നടക്കുന്ന ഭ്രൂണ വളർച്ചയെക്കുറിച്ച് ഗവേഷണം നടത്തുകയും പിന്നീട് ഇസ്‌ലാം ആശ്ലേഷിക്കുകയും ചെയ്ത പ്രമുഖ ശാസ്ത്രജ്ഞൻ ഡോ. കെയ്ത് മൂർ, അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ ക്വുർആനിൽ സൂചിപ്പിച്ച ഭ്രൂണവളർച്ചയുടെ 5 ഘട്ടങ്ങളെ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

പിതാവിന്റെ കോടിക്കണക്കിന് ബീജങ്ങൾ മാതാവിന്റെ അണ്ഡാശയവാഹിനിയിലൂടെ കടന്ന് അണ്ഡത്തെ കണ്ടെത്തുന്നു. 20 കോടിയിൽ പരം ബീജങ്ങളിൽ ഒന്ന് മാത്രമാണ് മാതാവിന്റെ അണ്ഡാവരണത്തെ തുളച്ച് ഉള്ളിൽ കടക്കുന്നത്. ശേഷം മാതാവിന്റെ ബീജവുമായി ചേർന്ന് സിക്താണ്ഡമായി രൂപപ്പെടുന്നു. ഇതാണ് 'നുത്ഫത്' കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. 30 മണിക്കൂർ കൊണ്ട് അണ്ഡം 2 കോശങ്ങളായും 40 മണിക്കൂർകൊണ്ട് 4 കോശങ്ങളായും പിന്നീട് 4x4 എന്ന അനുപാദത്തിലും കോശങ്ങൾ പെരുകും. 6ാം ദിവസത്തിൽ ഗർഭാശയത്തിൽ ഒട്ടിപ്പിടിക്കുന്ന അട്ടയെപ്പോലെ ഇതിന്റെ രൂപം മാറും. ബീജസങ്കലനം മുതൽ 21ാം ദിവസം വരെയാണ് ഇതിന്റെ കാലഘട്ടം. മനുഷ്യ വളർച്ചയുടെ ഈ രൂപമാണ് ഭ്രൂണം. പിന്നീട് ഭ്രൂണം ചവയ്ക്കപ്പെട്ട മാംസരൂപം പ്രാപിക്കുന്നു. ചവയ്ക്കുക എന്ന പദത്തിൽ നിന്നാണ് ഇതിന് 'മുദ്ഗത്'എന്നപേര് ലഭിച്ചത്. പല്ലുകൾ പതിഞ്ഞ പോലുള്ള ഭാഗത്തിന് സോമൈറ്റ്സ് എന്നാണ് പറയുക. ഇതിന് 3 ഭാഗങ്ങളുണ്ട്. ഒന്നാമത്തേത് സെർമെറ്റോം, ഇതാണ് മനുഷ്യന്റെ തൊലിയായി രൂപപ്പെടുന്നത്. രണ്ടാമത്തേത് സ്ക്ലിയറോട്ടോം; ഇത് അസ്ഥികളായും രൂപം പ്രാപിക്കുന്നു. 36 മുതൽ 56 ദിവസം വരെയാണ് ഈ വളർച്ചകൾ നടക്കുന്നത്. അല്ലാഹു മറ്റൊരു സൃഷ്ടിയായി വളർത്തിയെടുക്കുമെന്ന് പറയാൻ കാരണം അത് വരെ കുട്ടിക്ക് ജീവൻ മാത്രമേയുള്ളൂ; ആത്മാവില്ല. കുട്ടിയുടെ വളർച്ചയുടെ 40-45 ദിവസങ്ങളിലാണ് ലൈംഗികാവയവം രൂപം കൊള്ളുന്നത്. ബീജസങ്കലം കഴിഞ്ഞ് 265 ദിവസം പിന്നിടുമ്പോൾ ഭ്രൂണം പൂർണ വളർച്ചയിൽ എത്തുകയും പ്രസവിക്കപ്പെടുകയും ചെയ്യുന്നു. മരണവേദനയ്ക്ക് തുല്യമായ വേദന സഹിച്ച് കൊണ്ട് ഓരോ മാതാവും പ്രസവിക്കുമ്പോൾ അല്ലാഹുവിന്റെ ഉൽകൃഷ്ടമായ സൃഷ്ടിയായ മനുഷ്യൻ പിറന്ന് വീഴുന്നു.

"ഗർഭാശയത്തിൽ താനുദ്ദേശിക്കുന്ന വിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനത്രെ. അവനല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ പ്രതാപിയും യുക്തിമാനുമത്രെ" (ക്വുർആൻ 3:6)

ചിന്തിച്ച് നോക്കുക; ഗർഭാശയത്തിലുള്ള കുഞ്ഞിന്റെ വളർച്ചയിൽ മനുഷ്യർക്ക് എന്ത് പങ്കാണുള്ളത്? എല്ലാം സർവശക്തന്റെ നിയന്ത്രണത്തിലാണ് നടക്കുന്നത്. അതിനാൽ അഹങ്കരിക്കാതിരിക്കുക. വിനയാന്വിതരായി ജീവിക്കുക. സ്രഷ്ടാവിനെ അനുസരിച്ച് നന്ദിയുള്ള ദാസന്മാരാവുക. ●

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 18**

**ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 11**



# ഇൽഫതുൽ ഇസ്‌ലാമിന്റെ ഇതളുകളിൽ വിരിയുന്ന ഇസ്‌ലാമിക സമാജം

**അ**ജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും തമോഗർത്തങ്ങളിൽ നിവസിച്ച്, അതിൽ നിർവൃതിയടഞ്ഞ്; സ്വന്തം ദുഃസ്ഥിതിയിൽ ഒരു ചെറിയ വേവലാതി പോലുമില്ലാതെ, രക്ഷകന്മാരെ ശിക്ഷകന്മാരായി കരുതി എറിഞ്ഞോടിച്ചിരുന്ന ഒരു സമൂഹത്തിന് നേരെ വിശുദ്ധ വേദസാരത്തിന്റെ അകമ്പടിയോടെ വിജ്ഞാനത്തിന്റെ വിമോചന വഴികൾ വരച്ചുകാണിക്കുകയാണ് ഇൽഫതുൽ ഇസ്‌ലാം എന്ന ഈ ഈടുറ്റ രചനയിലൂടെ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ ചെയ്യുന്നത്.

**ലോകോത്തര സർവകലാശാലകളും ആലുവയിലെ നിർദിഷ്ട ഹമദാനി സർവകലാശാലയും**

"അൽ അസ്ഹർ സർവകലാശാലയിൽ ചില പുതിയ വ്യവസ്ഥകൾ കൊണ്ടുവന്ന് അതിന്റെ യൗവന ദശയെ തിരിച്ചുകൊണ്ടുവരാൻ സന്നദ്ധമായിരിക്കുന്നു. ഇന്ത്യയിൽ അലിഗർ മഹാ പാഠശാലയെ സർവകലാശാല ആക്കാനുള്ള ശ്രമം പ്രസിദ്ധമാണല്ലോ. ശാമിൽ(101) ഒരു സർവകലാശാല സ്ഥാപിക്കാനുള്ള ഒരുക്കങ്ങൾ നടന്നു വരുന്നു. പരിശുദ്ധ മദീനയിൽ പ്രത്യേകം ഒരു സർവകലാശാലയ്ക്കുള്ള അസ്തിവാരമിട്ട് കഴിഞ്ഞിരിക്കുന്നു. ഇ

**അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും തമോഗർത്തങ്ങളിൽ നിവസിച്ച്, അതിൽ നിർവൃതിയടഞ്ഞ്; സ്വന്തം ദുഃസ്ഥിതിയിൽ ഒരു ചെറിയ വേവലാതി പോലുമില്ലാതെ, രക്ഷകന്മാരെ ശിക്ഷകന്മാരായി കരുതി എറിഞ്ഞോടിച്ചിരുന്ന ഒരു സമൂഹത്തിന് നേരെ വിശുദ്ധ വേദസാരത്തിന്റെ അകമ്പടിയോടെ വിജ്ഞാനത്തിന്റെ വിമോചന വഴികൾ വരച്ചുകാണിക്കുകയാണ് ഇൽഫതുൽ ഇസ്‌ലാം എന്ന ഈ ഈടുറ്റ രചനയിലൂടെ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ ചെയ്യുന്നത്.**

വകൾക്കെല്ലാം പുറമെ മലബാർ മുസ്‌ലിംകളുടെ വ്യസനകരമായ സ്ഥിതിയെ പരിഹരിക്കുവാൻ ഉദ്ദേശിച്ചും കാലോചിതമായ വിദ്യാഭ്യാസത്തിന്റെ അത്യാവശ്യകതയെയും അത് സമ്പാദിക്കുവാൻ മുസ്‌ലിം സന്താനങ്ങൾ വേദവിശ്വാസ സംബന്ധമായും ഇസ്‌ലാം നിയമ സംബന്ധമായും മതസംബന്ധമായും ഉള്ള യാതൊരു ജ്ഞാനവും നൽകാതെ മിഷൻ[102] സ്കൂളുകളിൽ പഠിപ്പിക്കുന്നത് കുഫ്‌രിയ്യത്താകുമെന്നും ഗവൺമെന്റ് സ്കൂളുകളിൽ പഠിപ്പിക്കൽ ഹറാമാകുമെന്നുമുള്ള ചില മഹാന്മാരുടെ അഭിപ്രായങ്ങളെ അനുസരിച്ചും മിഷൻ പാഠശാലകളിൽ നമ്മുടെ കുട്ടികളെ അയച്ചു പഠിപ്പിക്കുന്നതായാൽ അങ്ങനെയുള്ള സ്ഥാപനങ്ങളിൽ ക്വുർആൻ (വേദം), ദീൻ (നിയമം), മദ്ഹബ് (മതം) സംബന്ധിള്ള യാതൊരു അറിവും സമ്പാദിക്കാനിടയില്ലാത്തതുകൊണ്ട് പഠിച്ചു പാസായി വരുമ്പോഴേക്ക് നമ്മുടെ കുട്ടികൾ അന്യമതക്കാരുടെ കുട്ടികളെ പോലെ ആയി പരിണമിക്കുകയും ഇസ്‌ലാം മാർഗത്തോടും സമുദായത്തോടും സ്നേഹവും അഭിമാനവും കൂടി ഇല്ലാതെയായി വന്നേക്കാവുന്നതുമാകുന്നു എന്ന് മാത്രമല്ല, മിഷൻ പാഠശാലകളിൽ ഇതര മതസ്ഥന്മാരുടെ ക്രിസ്തീയ മത തത്ത്വങ്ങൾ പഠിപ്പിക്കേണ്ടത് നിർബന്ധിതമാക കൊണ്ട് സ്വന്തം മതവിശ്വാസത്തിന് എതിരായ അന്യമത വിശ്വാസങ്ങൾ ഉണ്ടാകുവാൻ എളുപ്പമുള്ളതാകുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഈ ദോഷം ബാധിക്കുന്നില്ലെങ്കിലും, സ്വന്തം മതതത്ത്വങ്ങൾ പഠിക്കുവാൻ ഇടയാകാത്തതുകൊണ്ടാണ് അത് ഹറാമാണെന്ന് പറയുന്നത്. ഇക്കാലത്ത് നാം മലയാളവും ഇംഗ്ലീഷും കാലാനുസരണം സമ്പാദിക്കായ്ക നിമിത്തം മറ്റു വിഷയങ്ങളിൽ എത്ര ഉയർന്ന തരത്തിലുള്ള ജ്ഞാനം സമ്പാദിച്ചാലും അന്യരെ ഇസ്‌ലാം ദീനിലേക്ക് ക്ഷണിക്കുവാനും നമുക്ക് തന്നെ മാന്യജീവിതത്തിൽ കാലയാപനം ചെയ്യുവാനും നിവൃത്തിയില്ലാതെ തെണ്ടിത്തിരിയേണ്ടി വന്നേക്കാവുന്നതുമാക കൊണ്ട്, മേൽ അഭിപ്രായങ്ങളെ ഗൗനിച്ച് അറബി, ഹിന്ദി, മലയാളം, ഇംഗ്ലീഷ് മുതലായ വിദ്യാഭ്യാസത്തെ പരിഷ്‌കൃത രീതിയിൽ പഠിപ്പിക്കുന്ന ഒരു മദ്‌റസ[103] ആലുവയിൽ സ്ഥാപിച്ചു നടന്നുവരുന്നതും കാലക്രമത്തിൽ അതിനെ ഒരു ഉന്നത സ്ഥിതിയിൽ ശാസ്ത്രങ്ങളുടെയും വിജ്ഞാനങ്ങളുടെയും ഒരു കലാലയം എന്ന നിലയിലും എന്ന് മാത്രമല്ല ഒരു യൂണിവേഴ്സിറ്റിയുടെ സ്ഥിതിയിൽ എത്തിക്കണമെന്നുള്ള മോഹം അതിന്റെ ഭാരവാഹികൾക്ക് ഉണ്ടെന്നുള്ളതും വായനക്കാരും കൂടി അറിഞ്ഞിരിക്കുമല്ലോ.''[104]

### ഹമദാനി തങ്ങളുടെ ചതുർഭാഷാ പദ്ധതി

ഇഹപര ക്ഷേമത്തിനുതകുന്ന ഫലപ്രദമായ വിദ്യാഭ്യാസത്തിന്റെ അഭാവമാണ് സമുദായത്തിന്റെ അധഃപതനത്തിന്റെ മൂലകാരണം എന്ന് നിരീക്ഷിക്കുന്ന ഹമദാനി തങ്ങൾ സമുദായത്തെ അതിനായി ആഹ്വാനം ചെയ്യുന്നതിങ്ങനെയാണ്:

“പ്രിയ മുസ്‌ലിം സഹോദരന്മാരേ, നമ്മൾക്ക് നമ്മുടെ പ്രാണനെക്കാൾ പ്രിയപ്പെടേണ്ടതായ അറബി ഭാഷാ വിദ്യാഭ്യാസത്തോട് കൂടി കാലാനുസൃതമായ മലയാളവും ഇംഗ്ലീഷും എത്രയും ആവശ്യമാണെന്ന് നിർണയിച്ചുകൊള്ളണം.''[105]

ഇംഗ്ലീഷ് നരകഭാഷയും മലയാളം നിഷിദ്ധമായ ആര്യനെഴുത്തും ആണെന്ന് പൊതുജനങ്ങളോടുദ്ഘോഷിച്ചിരുന്ന യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെ കണ്ണടച്ചിരുട്ടാക്കുന്ന സമീപനത്തിന് ഒരു ഇരുട്ടടി എന്നോണമാണ് ‘രാജ്യഭാഷ-രാജഭാഷ-വേദഭാഷ-മാതൃഭാഷ പദ്ധതി’യുമായി ഹമദാനി തങ്ങൾ രംഗത്തുവന്നത്.

### സംഘടനകൾ

“ഇതേ പ്രകാരത്തിൽ തന്നെ മുസ്‌ലിമീങ്ങളുടെ ഇടയിൽ പല രാജ്യങ്ങളിലും പല സഭകളും സ്ഥാപിതമായിട്ടുണ്ട്. നമ്മുടെ മലയാള രാജ്യങ്ങളിലും[106] ചില സഭകൾ സ്ഥാപിതമായിട്ടില്ലെന്നില്ല; അവകൾ പറയാൻ തക്കതായ പൊതു ഗുണങ്ങൾ ഒന്നും നിലയുറപ്പിച്ച് ചെയ്തിട്ടില്ലെങ്കിലും.

പൊന്നാനിയിലെ മഊനത്തുൽ ഇസ്‌ലാം എന്ന

സഭയും ആലപ്പുഴയിലെ ലജ്നതുൽ മുഹമ്മദിയ്യ എന്ന സഭയും രജിസ്റ്റർ ചെയ്തുകഴിഞ്ഞിരിക്കുന്നു. മറ്റു ചില സഭകളും സ്ഥാപിതമായിട്ടുണ്ടെങ്കിലും അവയിൽ ചിലത് ഇല്ലായ്മപ്പെട്ടും ചിലത് ഭാരവാഹികളുടെ അമാന്തം[107] കൊണ്ട് വളരെ ശോചനീയമായ നിലയിൽ മാത്രം നടന്നും വരുന്നു. എന്നാൽ സമാജങ്ങളെക്കുറിച്ച് മഹാന്മാർ എഴുതിയിട്ടുള്ള അഭിപ്രായങ്ങളെ ഗൗനിക്കുന്നതായാൽ സമാജവിഷയത്തിൽ നാം ഇത്ര അലസന്മാരായിരിക്കുന്നതല്ല."[108]

തുടർന്ന് വിശുദ്ധ ക്വുർആനിലെ അഞ്ചാം അധ്യായമായ അൽമാഇദയിലെ രണ്ടാം വചനത്തിലെ '...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു' എന്നതിന് സയ്യിദ് റശീദ് രിദാ അദ്ദേഹത്തിന്റെ വിഖ്യാത ക്വുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്സീറുൽ മനാറിൽ നൽകിയ വിശദീകരണം ഹമദാനി തങ്ങൾ എടുത്തു ചേർത്തിട്ടുണ്ട്. കൂടാതെ, സയ്യിദ് അബുൽ ഹുദാ അർരിഫാഇയുടെ 'അൽഹക്വീക്വതുൽ ബാഹിറ ഫീ അസ്റാറിശ്ശരീഅ' എന്ന ഗ്രന്ഥത്തിൽ നിന്നും സമാനമായ ഉദ്ധരണികൾ നൽകിയിട്ടുണ്ട്. 'പ്രബോധനം', 'നന്മ കല്പിക്കൽ', 'തിന്മ വിരോധിക്കൽ' എന്നീ ഇസ്ലാമിക തത്ത്വങ്ങളെ വിശദീകരിക്കുന്ന ക്വുർആൻ ഹദീഥ് വചനങ്ങളും അന്യത്ര ചേർത്തിട്ടുണ്ട്. സയ്യിദ് റശീദ് രിദയുടെ മാതൃകാപരമായ സ്ഥാപനത്തെയും ഹമദാനി തങ്ങൾ പരിചയപ്പെടുത്തുന്നുണ്ട്:

"ഈജിപ്തിൽ നിന്ന് പുറപ്പെടുന്ന അൽമനാർ എന്ന വിശിഷ്ട മാസികയുടെ അധിപനായ സയ്യിദ് റശീദ് രിദ എന്ന മഹാൻ 'ദാറുദ്ദഅ്വ വൽ ഇർശാദ്' എന്നൊരു മദ്റസ സ്ഥാപിച്ചിരിക്കുന്നു. ഈ മദ്റസ ആദ്യം അദ്ദേഹം ഇസ്താംബൂളിൽ ഏർപ്പെടുത്തുവാൻ ആഗ്രഹിച്ച് തുർക്കിയിലെ ഭരണാധികൃതന്മാരോട് ആലോചിക്കുകയും അവർ അതനുസരിച്ച് വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും ഈജിപ്തിലാണ് അദ്ദേഹം അത് സ്ഥാപിച്ചത്. ഈ മദ്റസയിൽ 'ഇർശാദ്'[109] എന്നും ദഅ്വ[110] എന്നും രണ്ട് വകുപ്പുകളുണ്ട്. ഒരു കൊല്ലത്തെ പ്രാരംഭ പഠനം കഴിഞ്ഞാൽ പിന്നെ ഓരോ വകുപ്പുകളിലുമുള്ള പഠനം മുമ്മൂന്ന് കൊല്ലം കൊണ്ട് പൂർത്തിയാകും. ഒന്നാം വകുപ്പിൽ ജയിക്കുന്നവർക്ക് ലോകത്തിന്റെ പല ഭാഗങ്ങളിലും ചെന്ന് മുസ്ലിം ജനങ്ങളിൽ സഞ്ചരിച്ച് സന്മാർഗോപദേശങ്ങൾ ചെയ്യുന്ന ജോലിയും, രണ്ടാം വകുപ്പിൽ വിജയികളാകുന്നവർക്ക് ലോകത്തിന്റെ എല്ലാ ദേശങ്ങളിലും ചെന്ന് ഇസ്ലാമിന്റെ യഥാർഥ തത്ത്വങ്ങൾ പ്രസംഗിച്ചു മനസ്സിലാക്കി ഇസ്ലാം മാർഗ വിശ്വാസത്തിനായി ക്ഷണിക്കുന്ന ജോലിയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അക്കാര്യനിർവഹണം കലഹവും പിണക്കവും കൂടാത്ത നിലയിൽ മൗഇദത്തും[111] ഹിക്മത്തും[112] സൗമ്യതയുമായിട്ടിരിക്കുകയും വേണം."[113]

തുടർന്ന് ഹമദാനി തങ്ങൾ വിശുദ്ധ ക്വുർആൻ രണ്ടാം അധ്യായം അൽബക്വറയിലെ 256ാം വചനം ഉദ്ധരിക്കുകയും വിവരിക്കുകയും ചെയ്തിട്ടുണ്ട്.

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു'' (അൽ ബക്വറ 256).

"മേൽപ്രസ്താവിച്ച ഇർശാദിന്റെയും ദഅ്വത്തിന്റെയും സംഘക്കാർ ഏറെക്കാലമായി ഉറങ്ങിക്കിടക്കുന്ന ഇസ്ലാം പ്രസംഗപീഠത്തിന്റെ ചമൽക്കാര ചാതുര്യങ്ങളെ പുനരുജ്ജീവിപ്പിക്കുമെന്നതിൽ സംശയമില്ല. മേൽ വിവരിച്ച എല്ലാ കാര്യങ്ങളിലും നല്ലവണ്ണം ആലോചിച്ചുനോക്കി ഉറച്ചുംകൊണ്ട് മുസ്ലിമീങ്ങളുടെ ഉന്നതിക്കും അഭിവൃദ്ധിക്കും ക്ഷേമൈശ്വര്യസമ്പത്തിനും വേണ്ടുന്ന സർവ മാർഗങ്ങളും തേടി മുസ്ലിം സമുദായത്തെ ദീനുൽ ഇസ്ലാമിന്റെ സർവ വിഷയങ്ങളിലും ഉണർത്തി ഉയർത്തുവാൻ ഉത്സാഹിക്കേണ്ടത് അത്യാവശ്യമാകുന്നു. ഇനി നമുക്ക് അഭിവൃദ്ധിയധികാരമോ ക്ഷേമൈശ്വര്യസമ്പത്തോ ഉന്നതപദവിയോ ഉണ്ടാകണമെങ്കിൽ നമ്മുടെ പൂർവികന്മാർ ആചരിച്ചിരുന്നതായ ഉൽഫതും ഉഖുവ്വതും ഇത്തിഫാക്വും (രഞ്ജന, സഹോദര വാത്സല്യം, ഐകമത്യം) മുതലായ സ്

**ഇംഗ്ലീഷ് നരകഭാഷയും മലയാളം നിഷിദ്ധമായ ആര്യനെഴുത്തും ആണെന്ന് പൊതുജനങ്ങളോടു ദ്ഘോഷിച്ചിരുന്ന യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെ കണ്ണടച്ചിരുട്ടാക്കുന്ന സമീപനത്തിന് ഒരു ഇരുട്ടടി എന്നോണമാണ് 'രാജ്യഭാഷ-രാജഭാഷ-വേദഭാഷ-മാതൃഭാഷ പദ്ധതി'യുമായി ഹമദാനി തങ്ങൾ രംഗത്തുവന്നത്.**

**ഈജിപ്തിൽ നിന്ന് പുറപ്പെടുന്ന അൽമനാർ എന്ന വിശിഷ്ഠ മാസികയുടെ അധിപനായ സയ്യിദ് റശീദ് രിദ എന്ന മഹാൻ 'ദാറുദ്ദഅ്‌വ വൽഇർശാദ്' എന്നൊരു മദ്‌റസ സ്ഥാപിച്ചിരിക്കുന്നു. ഈ മദ്‌റസ ആദ്യം അദ്ദേഹം ഇസ്താംബൂളിൽ ഏർപ്പെടുത്തുവാൻ ആഗ്രഹിച്ച് തുർക്കിയിലെ ഭരണാധികൃതന്മാരോട് ആലോചിക്കുകയും അവർ അതനുസരിച്ച് വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും ഈജിപ്തിലാണ് അദ്ദേഹം അത് സ്ഥാപിച്ചത്.**

നേഹബന്ധങ്ങൾ രണ്ടാമത് നമ്മിൽ ഉത്ഭവിക്കണം. ഉൽഫതും ഉഖുവ്വതും ഇത്തിഫാകും നമുക്ക് ഉണ്ടാകണമെങ്കിൽ കാലാനുസരണമായ വിദ്യാഭ്യാസം നമുക്ക് ലഭിക്കണം. കാലാനുസരണമായ വിദ്യാഭ്യാസം നമ്മിൽ പ്രചാരമാകണമെങ്കിൽ അധികമായ ധനത്തെ ചെലവഴിക്കണം. വേണ്ടുന്നിടത്തോളം ധനവ്യയം ചെയ്യണമെങ്കിൽ 'ഇൻതിദാം ബൈതുൽമാൽ' (സമുദായ സ്വത്ത് അഥവാ നാഷണൽ ഫണ്ട്) ഏർപ്പെടുത്തണം. ന്യായമായ വിധത്തിൽ സമുദായ ഫണ്ട് ഏർപ്പാടാക്കണമെങ്കിൽ ദീനുൽ ഇസ്‌ലാമിന്റെ സർവ വിഷയങ്ങളെയും അറിഞ്ഞവരും അത് ഉപദേശിക്കുന്നവരുമായ ചില ഉലമാക്കൾ ഉൾപ്പെട്ട ഒരു സംഘം സമുദായത്തിൽ ഉണ്ടാകണം. ആ സംഘക്കാർക്ക് വേണ്ടിവരുന്നതായ സകല ചെലവുകളും സമുദായ ഫണ്ടിൽനിന്ന് കൊടുക്കുകയും അവരാൽ പിരിഞ്ഞു കിട്ടുന്ന സ്വത്തുക്കൾ ബൈതുൽ മാലിൽ ചേർക്കുകയും ചെയ്യണം"(114)

### വിജ്ഞാന പ്രചാരണാർത്ഥം പത്രങ്ങളുടെ പ്രാധാന്യം

"സമുദായ സംബന്ധമായ സകല കാര്യങ്ങളും മുസ്‌ലിമീങ്ങളുടെ ഇടയിൽ പരസ്പര സ്നേഹത്തെയും പരിചയത്തെയും ഉണർച്ചയെയും ജ്ഞാനത്തെയും ഉൽഭവിപ്പിക്കുകയും അക്കാര്യ നിർവഹണത്തിനായി തൽക്കാലം നമ്മുടെ ഇടയിൽ 'മലബാർ ഇസ്‌ലാം' എന്ന പേരിൽ ഒരു പ്രതിവാര പത്രവും 'മുസ്‌ലിം' എന്ന പേരിൽ ഒരു മാസികയും നടക്കുന്നുണ്ടെങ്കിലും സമുദായ അംഗങ്ങൾക്ക് അതിലേക്ക് ശ്രദ്ധ ഇല്ലാത്തതുകൊണ്ട് സ്വജനസ്നേഹം കുറവായിരിക്കുന്നതുകൊണ്ടോ വേണ്ടുന്നിടത്തോളം അവയെ സഹായിക്കുന്നില്ല. ആയതുകൊണ്ട് പത്രം ശുഷ്കാന്തിയോടും അഭിവൃദ്ധിയോടും കൂടി മുസ്‌ലിമീങ്ങളുടെ ഇടയിൽ പ്രചാരമാകുന്നില്ല. കാലാനുസരണം വർത്തമാനപത്രങ്ങൾ സമുദായ ഉണർച്ചക്കും പരിഷ്കാരത്തിനും ഉന്നതിക്കും ഒഴിച്ചുകളയാൻ പാടില്ലാത്തതായ റഅ്സുൽമാൽ (തലമുതൽ)(115) അല്ലെങ്കിൽ വാഹനമാകുന്നു. മേൽപറഞ്ഞ ദഅ്‌വത്തിനും ഇർശാദിനും പത്രങ്ങൾ വളരെ ശക്തിമത്തായ ഉപകരണങ്ങളുമാകുന്നു."(116)

### സമുദായ ഫണ്ട്

"ഇനി നാം ആലോചിക്കേണ്ടത്, മേൽപ്രസ്താവിച്ചവകളിൽ നമ്മൾ മുമ്പ്(117) അനുഷ്ഠിക്കേണ്ടത് ഏതാകുന്നു എന്നതാണ്. എന്റെ താഴ്മയായ(118) ബുദ്ധിയിൽ തോന്നുന്നത് സമുദായ സ്വത്ത് ഏർപ്പെടുത്തണമെന്നാകുന്നു. അല്ല, സമുദായം വക വർത്തമാനപത്രം നടപ്പാക്കണമെന്നാണോ? എന്നാൽ ധനം ചെലവ് ചെയ്യാതെ പത്രം നടക്കുമോ? ഇല്ലല്ലോ! ആയതുകൊണ്ട് സമുദായ ഫണ്ട് ഏർപ്പാടാക്കണമെന്നാണ് തോന്നുന്നത്.

കണ്ടില്ലയോ നമ്മുടെ ഏക പത്രമായ മലബാർ ഇസ്‌ലാമും ഏക മദ്‌റസയായ ആലുവ അറബിക്കോളേജും ശോചനീയമായ സ്ഥിതിയിൽ നടക്കുന്നത്?! ഒരു സമുദായ പത്രവും സമുദായം വക ഒരു മദ്‌റസയും നടത്തുവാൻ തക്ക മദ്‌റസകൾ മലബാറിൽ ഇന്നില്ലയോ?! ഉണ്ടെങ്കിലും സമുദായ സ്നേഹം വളരെ ചുരുക്കം തന്നെ!"(119)

### ആധാര സൂചിക

(101) മധ്യപൂർവദേശത്തെ ഒരു ഭൂപ്രദേശമാണ് ശാം. വടക്ക് യൂഫ്രട്ടീസ് ടൈഗ്രിസ് നദികളുൽഭവിക്കുന്ന ടൗറുസ് പർവതനിരകൾക്കും തെക്ക് അറേബ്യൻ മരുഭൂമിക്കും പടിഞ്ഞാറ് മധ്യധരണ്യാഴികകും കിഴക്ക് സഗ്റുസ് മലനിരകൾക്കുമിടയിലുള്ള ഭൂപ്രദേശത്തെയാണ് ശാം എന്നു വിളിക്കുന്നത്. ഈ പ്രദേശം വിശാല സിറിയ, ലെവന്റ് എന്നീ പേരുകളിലും അറിയപ്പെടുന്നു. പലസ്തീൻ, ജോർദാൻ, സിറിയ, ലെബനാൻ എന്നീ നാടുകളും ഇറാഖിന്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളും സീനായ് ഉപദ്വീപിന്റെ വടക്ക് കിഴക്കൻ പ്രദേശവും ഉൾപ്പെടുന്നതാണ് ശാം നാടുകൾ.

(102) ക്രിസ്ത്യൻ മിഷണറി.

(103) ഉന്നത ഇസ്‌ലാമിക മതപാഠശാല.

(104) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ', ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ,സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅതുസ്സ്വലാഹിയ്യ ലിത്തോ പ്രസ്സ്, ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 7072.

(105) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ

ഉഖുവ്വതിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, താൾ 69.

(106) മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവ അടങ്ങുന്ന പഴയ വിശാലകേരളത്തിലെ പ്രദേശങ്ങൾ.

(107) ഉത്തരവാദിത്തക്കുറവ്.

(108) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വതിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, താൾ 73,74.

(109) മാർഗനിർദേശം.

(110) പ്രബോധനം.

(111) സദുപദേശം.

(112) യുക്തിദീക്ഷ, തത്ത്വജ്ഞാനം.

(113) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വതിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, താൾ 80,81.

(114) അതേ അവലംബം, താൾ 81-84.

(115) മൂലധനം.

(116) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വതിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, താൾ 84,85.

(117) ഏറ്റവും ആദ്യം.

(118) എളിയ.

(119) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വതിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, താൾ 85,86. ●


peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇൻസൈറ്റ്**
**സത്യപ്രകാശം ഊതിക്കെടുത്താൻ ശ്രമിക്കുന്നവരോട്**
**മുനവ്വർ ഫൈറൂസ്**
17.06.19 തിങ്കൾ 06:30 PM

**ആരോഗ്യ വിചാരം**
**നേത്ര രോഗങ്ങൾ ഭാഗം: 5**
**തിമിരം: കാരണങ്ങൾ, പ്രതിവിധികൾ**
**ഡോ. മുഹമ്മദ് ഇഖ്ബാൽ (ചീഫ് കൺസൾട്ടന്റ്, മൗലാന ഹോസ്പിറ്റൽ, പെരിന്തൽമണ്ണ., മുൻ സീനിയർ കൺസൾട്ടന്റ്, അരവിന്ദ് ഐ ഹോസ്പിറ്റൽ)**
**ഡോ. പി.പി. അബ്ദുൽ മാലിക് (പീസ് റേഡിയോ പ്രതിനിധി)**
17.06.19 തിങ്കൾ 9:25 PM

**ഇ മദ്രസ്സ**
**പ്രാർത്ഥന അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ**
**ഹസ്സൻ അൻസാരി**
18.06.19 ചൊവ്വ 07:10 AM

**ഹൃദയ വസന്തം**
**സൂറ: മുഹമ്മദ് 19**
**അനസ് സ്വലാഹി**
18.06.19 ചൊവ്വ 07:45 PM

**ടെലി ക്വിസ്**
**ടെലി ക്വിസ് ഭാഗം 5**
**ഷമീൽ മഞ്ചേരി**
18.06.19 ചൊവ്വ 09:25 PM

**കർമ്മസരണി**
**വില്പന വസ്തുക്കളുടെ അനുബന്ധങ്ങൾ**
**ഹംസ മദീനി**
19.06.19 ബുധൻ 09:00 PM

**ഇൻസൈറ്റ്**
**ശാസ്ത്രപഠനം ദൈവത്തിലേക്ക്**
**Water Cycle ഭാഗം: 2**
**ജൗസൽ സി.പി**
22.06.19 ശനി 06:30 PM

**അൽ ഉസൂൽ**
**ഹദീസും ബുദ്ധിയും, ഭാഗം: 1**
**അബ്ദുൽ മാലിക് സലഫി**
22.06.19 ശനി 09:00 PM

**ഇലൽ അറബിയ്യ**
**അറബി ഭാഷാ പഠനം, ഭാഗം: 39**
**ഹുസൈൻ പലേക്കോടൻ**
23.06.19 ഞായർ 9:25 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# കഥയല്ല ജീവിതം

വിദ്യാർഥികൾ അറ്റസ്റ്റ് ചെയ്യാൻ ഓഫീസിന് മുമ്പിൽ വരുമ്പോൾ വിദ്യാഭ്യാസ കാലം ഓർത്തു പോകും. ക്ലാസ്സ് കഴിഞ്ഞ് ഭക്ഷണം കഴിക്കാതെ കാഞ്ഞ വയറുമായി, ഒരൊപ്പിനും സീലിനും മണിക്കൂറുകൾ ഓഫീസ് വരാന്തകളിൽ കാത്തുനിന്ന കാലം!

മൂന്ന് നില ഓഫീസ് സമുച്ചയത്തിൽ ഒരു ഡസനോളം കാര്യാലയങ്ങൾ ഉണ്ടെങ്കിലും ഏറ്റവും മുകളിലെ നിലയിലുള്ള ഓഫീസിലേക്കാണ് അധികം പേരും എത്താറ്. എന്ത് തിരക്കാണെങ്കിലും, മുൻകൂട്ടി സമയം നിശ്ചയിച്ച് എത്തിയവർ മുന്നിൽ രേഖകളും കണക്ക് പുസ്തകങ്ങളുമായി കാത്തിരിക്കുകയാണെങ്കിലും അറ്റസ്റ്റ് ചെയ്യാനെത്തുന്നവരെ കാത്ത് നിർത്താറില്ല.

ഒരു ദിവസം തിരക്കുള്ള നേരം; ഒരു യുവാവും യുവതിയും വാതിൽക്കൽ സംശയത്തോടെ കാത്ത് നിൽക്കുന്നത് കണ്ട് അവരെ കാബിനിലേക്ക് വിളിച്ചു. ഇത് കണ്ടപ്പോൾ മുന്നിൽ ഔദ്യോഗിക കാര്യങ്ങൾക്ക് സീറ്റിൽ ഇരുന്നവർ പുറത്തേക്കിറങ്ങി. രണ്ടുപേരോടും മുന്നിലെ കസേരയിൽ ഇരിക്കാൻ പറഞ്ഞു. കത്തുന്ന കളറിൽ മോഡേൺ ഉടുപ്പിട്ട പെൺകുട്ടി ഉത്സാഹ ഭരിതയായിരുന്നു. പയ്യന് മൊത്തം ഒരു ചടപ്പ് കാണപ്പെട്ടു. രണ്ട് പേരുടെയും ഫോട്ടോ ഒട്ടിച്ച, പൂരിപ്പിച്ച അപേക്ഷ നീട്ടിയത് വായിച്ച ഞാൻ ഞെട്ടി. പരീക്ഷ ഹാൾടിക്കറ്റിൽ ഫോട്ടോ സാക്ഷ്യപ്പെടുത്താൻ എത്തിയതാണെന്നു കരുതിയ എനിക്ക് തെറ്റി! വിവാഹം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയായിരുന്നു അത്.

നിമിഷങ്ങൾക്കുള്ളിൽ എന്റെ മനസ്സിലൂടെ ഒരായിരം ദൃശ്യങ്ങൾ മിന്നിമറഞ്ഞു. ഇവർ കല്യാണം കഴിച്ചാൽ എവിടെ താമസിക്കും. ചെലവിന് ഈ പയ്യൻ എന്ത് മാർഗം കണ്ടെത്തും? ഒരു കുഞ്ഞ് പിറന്നാൽ സഹായത്തിന് ആരെ കൂട്ടും? അഥവാ ഇടയ്ക്കുവെച്ച് ഇവർ വേർപിരിഞ്ഞാൽ ഈ പെൺകുട്ടിയുടെ അവസ്ഥ എന്താവും? അവൾ എങ്ങനെ ജീവിക്കും...?

എന്നാൽ ഈ ചോദ്യങ്ങളെക്കാൾ എന്നെ വേട്ടയാടിയത് അവരുടെ കുടുംബങ്ങളെ കുറിച്ചുള്ള ആലോചനയായിരുന്നു. ഈ മക്കളെക്കുറിച്ചും അവരുടെ പഠനത്തെയും ജോലിയെയും കുറിച്ചും അവരുടെ വിവാഹത്തെക്കുറിച്ചുമൊക്കെ അവരുടെ മാതാപിതാക്കൾക്ക് എന്തെല്ലാം കണക്ക് കൂട്ടലുകൾ ഉണ്ടായിരിക്കും! സ്വപ്നങ്ങൾ ഉണ്ടായിരിക്കും! അവർ അറിയാതെ ഇവർ സ്വന്തമായി നടത്തുന്ന വിവാഹത്തിന്റെ വാർത്തയറിഞ്ഞാൽ ആ മാതാപിതാക്കളും കുടുംബക്കാരും സങ്കടക്കടലിൽ ആഴ്ന്നുപോവില്ലേ? ഇരു കുടുംബവും ഇവരുടെ പേരിൽ പരസ്പരം പോരടിക്കില്ലേ?

എന്തുകൊണ്ട് ഈ രഹസ്യവിവാഹം? എന്തെങ്കിലുമൊക്കെ കാരണമുണ്ടാകുമെന്നത് ഉറപ്പാണല്ലോ. വീട്ടുകാർ അറിഞ്ഞാൽ നടത്തിക്കൊടുക്കില്ല എന്ന ബോധ്യമുള്ളതുകൊണ്ടാവാം. അല്ലെങ്കിൽ വീട്ടുകാർ അറിഞ്ഞിട്ടുണ്ടാകും; വിസമ്മതം പ്രകടിപ്പിച്ചിട്ടുമുണ്ടാകും. അവരോട് വിശദമായി സംസാരിക്കാൻ ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ സമയമില്ല. ഉപദേശിക്കാൻ ഒരുങ്ങിയാൽ ഇവർ ഏത് രൂപത്തിൽ പ്രതികരിക്കുമെന്നും അറിയില്ല.

ഒരു ചോദ്യം മാത്രം അവരോട് ചോദിച്ചു; ഞാൻ ഇക്കാര്യത്തിൽ കോടതി കയറേണ്ടി വരുമോയെന്ന്. എന്നെ ഞെട്ടിച്ച് കൊണ്ട് ആ പെൺകുട്ടി പറഞ്ഞു: 'അതിന്റെ ആവശ്യം വരില്ല, ഞങ്ങൾ പോലീസ് സ്റ്റേഷനിൽ പോയിട്ടുണ്ട്.' പയ്യൻ തല താഴ്ത്തിയിരുന്നു. പിന്നെ കൂടുതൽ ഒന്നും ഞാൻ ചോദിച്ചില്ല. ചോദിച്ചിട്ട് എന്ത് കാര്യം?!

മക്കൾക്ക് സ്നേഹവും പരിഗണനയും നൽകുവാനും ധാർമിക ബോധത്തിൽ അവരെ വളർത്തി വലുതാക്കുവാനും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുക. കൂടെ അവർ വഴിപിഴക്കാതിരിക്കുവാൻ ആത്മാർഥമായി പ്രാർഥിക്കുക. അല്ലാതെന്തു പറയാൻ?!



WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
22 June 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437




റമദാനിൽ പുറത്തിറങ്ങി...

## ഹദീസ് പാഠം

**വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ / വില: ₹ 80**

പ്രവാചകാധ്യാപനങ്ങൾ നിത്യപ്രസക്തമാണ്. ജീവിതത്തിന്റെ സർവതല സ്പർശിയായ അധ്യാപനങ്ങൾ കൊണ്ട് സമ്പന്നമായ ഹദീസിന്റെ പരിസരങ്ങളിലൂടെയുള്ള യാത്രയിൽ നവാനുഭൂതികളുടെ പുതിയ വൈജ്ഞാനിക ലോകമാണ് നാം ദർശിക്കുക. നമുക്ക് വേണ്ടതെല്ലാം വേണ്ടത്ര ഹദീസുകളിലുണ്ട്. പ്രവാചകാധ്യാപനങ്ങളിലൂടെ ആഴങ്ങളിലേക്കുള്ള സഞ്ചാരത്തിന് ഒരു കൈത്തിരിയാണ് ഈ കൃതി. മുപ്പത് ഹദീസുകളെ കുറിച്ച് ഭംഗിയായ വിശകലനം.

### പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |